# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP-P-8/541/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 18/06/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP-P-8/541/2022 തീയ്യതി: 18/06/2022

## ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 19-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 19-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീകാന്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (16.5.2022മുതൽ)
ശ്രീമതി. രഞ്ജു പ്രകാശ് , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ലേഖ പി . കെ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുധർമ്മ | പ്രസിഡന്റ് | 01-04-2020 | 05-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 06-11-2020 | 20-12-2020 |
| ശ്രീ.പി.ജി.സൈറസ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി. ബിജി.എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജഗനാഥ്.ബി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ബിജു.എസ് | വെറ്ററിനറി സർജ്ജൻ | 01-04-2020 | 15-05-2020 |
| ഡോ.പി.രാജീവ് | വെറ്ററിനറി സർജ്ജൻ | 16-05-2020 | 31-03-2021 |
| ശ്രീമതി.അഞ്ചുഅരുമനായകം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ബിന്ദുപ്രിയ.കെ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 21-01-2021 |
| ഡോ.പൂർണിമ.ടി.എ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 22-01-2021 | 31-03-2021 |
| ഡോ.സുനി.കെ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.സിതാര.ടി.കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ.അനുരാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 24-09-2020 |
| ശ്രീമതി.സൂര്യ.ടി.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 25-09-2020 | 31-03-2021 |
| ശ്രീ.യു.ആദംകുട്ടി | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീ.താഹമുഹമ്മദ് മുസ്തഫ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 13-04-2020 |
| ശ്രീ. നിധിൻ.കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 14-04-2020 | 22-06-2020 |
| ശ്രീമതി.പ്രിയ.കെ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 23-06-2020 | 31-03-2021 |
| ശ്രീമതി.ജയശ്രീ.കെ.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, അറവുകാട് | 01-04-2020 | 09-11-2020 |

| | | | |
|---|---|---|---|
| | സർക്കിൾ | | |
| ശ്രീമതി.സുജ.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, അറവുകാട് സർക്കിൾ | 10-11-2020 | 31-03-2021 |
| ശ്രീമതി.ദീപ.പി.ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പുന്നപ്ര സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീ.ബിനു.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.സെൽമബീവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-05-2020 |
| ശ്രീമതി.സലീല.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 19-05-2022)<br>Last Updated By: C.C Jyothimon (Audit Officer, On 19-05-2022) | 1-1 |
| 2 | ബജറ്റ് അവലോകനം<br>Written By: C.C Jyothimon (Audit Officer, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-1 -1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Renju Prakash (Senior Grade Auditor, On 19-05-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 19-05-2022) | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ ന്യൂനതകൾ<br>Written By: Renju Prakash (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Renju Prakash (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Renju Prakash (Senior Grade Auditor, On 17-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-5 |
| 8 | തൊഴിലുറപ്പുപദ്ധതി<br>Written By: C.C Jyothimon (Audit Officer, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Lekha (Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ്<br>Written By: Lekha (Auditor, On 19-05-2022)<br>Last Updated By: Lekha (Auditor, On 19-05-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-9 |
| 12 | വസ്തുനികുതി നിർണ്ണയത്തിൽ അനധികൃത ഇളവ് നൽകി<br>Written By: Lekha (Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-10 |
| 13 | ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി<br>Written By: Lekha (Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-11 |
| 14 | ദിവസ വേതനാടിസ്ഥാനത്തിലെ നിയമനം-തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം<br>Written By: Renju Prakash (Senior Grade Auditor, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-12 |
| 15 | സ്റ്റോക്ക്, വിതരണ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Lekha (Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-13 |
| 16 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ നിഷ്ക്രീയ ആസ്തിയായി തുടരുന്നു<br>Written By: Renju Prakash (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-14 |
| 17 | ലൈഫ്-വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-15 |

| | | |
|---|---|---|
| | Written By: Sreekanth C.S (Asst. Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | |
| 18 | ലൈഫ്-നിലവിൽ വീടുള്ളയാളുമായി കരാറിലേർപ്പെട്ട് മുൻകൂർ അനുവദിച്ചു<br>Written By: Sreekanth C.S (Asst. Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-16 |
| 19 | വീട് വാസയോഗ്യമാക്കൽ -കാലപ്പഴക്കം പരിഗണിക്കാതെ തുക അനുവദിച്ചു<br>Written By: Sreekanth C.S (Asst. Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-17 |
| 20 | ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല<br>Written By: Lekha (Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-18 |
| 21 | കൃഷി-അർഹമായ സബ്സിഡി നൽകുന്നില്ല<br>Written By: Lekha (Auditor, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-19 |
| 22 | ഐ.കെ.എം വിഹിതം നല്കൽ -1,00,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Renju Prakash (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-20 |
| 23 | പാലിന് സബ്സിഡി അധിക നിരക്കിൽ നൽകി<br>Written By: Lekha (Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-21 |
| 24 | തെരുവ് വിളക്ക് പരിപാലനം<br>Written By: Renju Prakash (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-22 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലനം - ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Renju Prakash (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-23 |
| 26 | ബ്ലഡ് ഗ്രൂപ്പ് ഡയറക്ടറി-ഒരു നൂതന ആശയം<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-24 |
| 27 | തൊഴിലുറപ്പ്- കരാർ ജീവനക്കാരുടെ സേവന പുസ്തകം കാലികമാക്കി സൂക്ഷിക്കുന്നില്ല.<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 14-06-2022) | 1-25 |
| 28 | കേരളാ വാട്ടർ അതോറിറ്റിയ്ക്ക് വെള്ളക്കരം കുടിശിക നല്കൽ<br>Written By: Renju Prakash (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 1-26 |
| 29 | പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണം<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 1-27 |
| 30 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 1-28 |
| 31 | ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്ത് തുക പിൻവലിച്ചതിനാൽ ജി.എസ്.ടി യിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തേണ്ട തുക സാമ്പത്തിക വർഷാവസാനം ലാപ്സായി<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 1-29 |
| 32 | എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ-കൺസോളിഡേഷൻ കുറവ് ചെയ്തില്ല<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 1-30 |
| 33 | നെഗോഷ്യേറ്റ് ചെയ്ത നിരക്ക് പരിഗണിക്കാതെ മൂല്യനിർണ്ണയം നടത്തി.<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 1-31 |

| | | |
|---|---|---|
| 34 | നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല.<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 1-32 |
| 35 | വാർഡ് 2-ൽ ജ്യോതി നികേതൻ സ്കൂളിന് തെക്ക് വശം മുതൽ തെക്കോട്ട് നാലുപുരയ്ക്കൽ ക്ഷേത്രം വരെ റോഡും ഡ്രെയിനേജ് നിർമ്മാണവും<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 1-33 |
| 36 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം -ലഭ്യമാക്കിയില്ല.<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 1-34 |
| 37 | സ്കൂളുകൾക്ക് പെയിന്റിംഗ്<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 1-35 |
| 38 | അംഗനവാടി പുനരുദ്ധാരണം- വാർഡ് 15<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-36 |
| 39 | തൊഴിലുറപ്പ് പദ്ധതി - അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-37 |
| 40 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക്<br>Written By: C.C Jyothimon (Audit Officer, On 22-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 1-38 |
| | **ഭാഗം 2** | |
| 1 | ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി<br>Written By: Lekha (Auditor, On 06-06-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 2-1 |
| | **ഭാഗം 3** | |
| 1 | സബ്സിഡി അധികനിരക്കിൽ നൽകി<br>Written By: Lekha (Auditor, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 3-1 |
| 2 | ലൈഫ്-നിലവിൽ വീടുള്ളയാളുമായി കരാറിലേർപ്പെട്ട് മുൻകൂർ അനുവദിച്ചു<br>Written By: Sreekanth C.S (Asst. Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 3-2 |
| 3 | നെഗോഷ്യേറ്റ് ചെയ്ത നിരക്ക് പരിഗണിക്കാതെ മൂല്യനിർണ്ണയം നടത്തി.<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 3-3 |
| 4 | എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ- കൺസോളിഡേഷൻ കുറവ് ചെയ്തില്ല<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 3-4 |
| 5 | വാർഡ് 2-ൽ ജ്യോതി നികേതൻ സ്കൂളിന് തെക്ക് വശം മുതൽ തെക്കോട്ട് നാലുപുരയ്ക്കൽ ക്ഷേത്രം വരെ റോഡും ഡ്രെയിനേജ് നിർമ്മാണവും<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 3-5 |
| 6 | സ്കൂളുകൾക്ക് പെയിന്റിംഗ്<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 3-6 |
| 7 | അംഗനവാടി പുനരുദ്ധാരണം- വാർഡ് 15<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 3-7 |
| 8 | തൊഴിലുറപ്പ് പദ്ധതി - അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 3-8 |

| | | |
|---|---|---|
| 9 | ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല<br>Written By: Lekha (Auditor, On 06-06-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 3-9 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: C.C Jyothimon (Audit Officer, On 20-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: C.C Jyothimon (Audit Officer, On 20-05-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: C.C Jyothimon (Audit Officer, On 20-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: C.C Jyothimon (Audit Officer, On 20-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 15-06-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: C.C Jyothimon (Audit Officer, On 20-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 20-05-2022)<br>Last Updated By: C.C Jyothimon (Audit Officer, On 20-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 18.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 17.2.2021ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| 2020-21 | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം (പരിഷ്കരിച്ചത്) | 240533000 | 248483190 |
| വാർഷിക കണക്ക് പ്രകാരം | 193371215 | 200382543 |

## 1-1 -1 ബജറ്റ് അവലോകനം

2020-21വർഷത്തെ ബജറ്റ് 18.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 17.2.2021ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.
2. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല.
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.
3.ബജറ്റിന്റെ പരിശോധന
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-21 ലെ ബജറ്റ് 2020ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.
4.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2501002 | കൃഷിയും അനുബന്ധമേഖലകളും മറ്റ് വിളകൾ | 00 | 110500 | 254960 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2501026 | കൃഷിയും അനുബന്ധസൗകര്യങ്ങൾ | 00 | 00 | 340000 | ബജറ്റിൽ വകയിരുത്തലില്ല. |
| 3 | 2501039 | മൃഗസംരക്ഷണം പശ്ചാത്തല സൗകര്യങ്ങൾ | 00 | 00 | 200000 | ബജറ്റിൽ വകയിരുത്തലില്ല. |
| 4 | 2511011 | അനൗപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും | 00 | 00 | 69600 | ബജറ്റിൽ വകയിരുത്തലില്ല. |
| 5 | 2511013 | വിദ്യാഭ്യാസ അനുബന്ധപ്രവർത്തനങ്ങൾ | 00 | 1186200 | 2514958 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 6 | 2512003 | പ്രത്യേക ആരോഗ്യ പരിപാടി | 00 | 00 | 101680 | ബജറ്റിൽ വകയിരുത്തലില്ല. |
| 7 | 2512026 | പൊതുശുചിത്വം മാലിന്യ പരിപാലനം | 2020-21 363000 | 363000 | 547202 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 8 | 2521001 | തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം | 900000 | 900000 | 1063001 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (3/13.05.2022) ലഭ്യമാക്കിയ മറുപടിയിൽ എല്ലാ മാസവും ബജറ്റുമായി താരതമ്യം ചെയ്യുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിചെലവുകളുടെ ഹെഡ്ഡുകൾ പ്രോജക്ടുകൾ ഡേറ്റ എൻട്രി നടത്തുന്നവെളയിൽ സുലേഖ വെബ്ബിലെ മൈക്രോസെക്ടർ കോഡുകൾ തെരഞ്ഞെടുക്കുന്ന പ്രകാരം ലഭിക്കുന്നതാണെന്നും ആയത് പോർട്ടിംഗ് ടൂളുപയോഗിച്ച് സാംഖ്യയിലേക്ക് രേഖപ്പെടുത്തുമ്പോൾ സുലേഖയിലെ അപാകതമൂലം പലപ്പോഴും ശരിയായ ഹെഡ്ഡുകൾ ലഭിക്കുന്നില്ലെന്നും അറിയിച്ചു. ഇത്തരം അപാകതകൾ ഐ.കെ.എമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ പരിഹാരം കാണേണ്ടതാണ്. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കും/ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികമായും ചെലവഴിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 12.05.2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ ന്യൂനതകൾ

1. മുൻവർഷത്തെ ഗുണഭോക്തൃവിഹിതമിനത്തിൽ നീക്കിയിരുപ്പായി ഡിപ്പോസിറ്റ് രജിസ്റ്ററിലും ബി4 ഷെഡ്യൂളിലും ചേർത്തിരിക്കുന്ന തുക 193340 എന്നാണ്. ടി തുക മുൻബാക്കിയായി ഉൾപ്പെടുത്താതെയാണ് രജിസ്റ്ററിൽ തൻവർഷത്തെ കണക്കുകൾ രേഖപ്പെടുത്തിയത്. ആയതിനാൽ, മുൻബാക്കി, നീക്കിബാക്കി എന്നിവ വാർഷിക കണക്കിലെ തുക, രജിസ്റ്റർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
2. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള മുൻവർഷത്തെ കുടിശിക തുകയായ 26030/-രൂപകൂടി ഉൾപ്പെടുത്തിയാണ് തൻവർഷത്തെ ഡിമാന്റായി 1607210/- I -1 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
3. CONTRACTORS EMD എന്ന ഇനത്തിൽ വാഷിക കണക്ക് പ്രകാരം വരവ്, ചെലവ് എന്നിവ യഥാക്രമം 72036/- രൂപ, 25760/- രൂപ എന്നിങ്ങനെയാണ്. എന്നാൽ, രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ്, ചെലവ് എന്നിവ യഥാക്രമം 66544/- രൂപ, 20268/- രൂപ എന്നിങ്ങനെയാണ്.
4. CONTRACTORS Retension എന്ന ഇനത്തിൽ വാഷിക കണക്ക് പ്രകാരം വരവ്, 158491/- രൂപ, ചെലവ് ഒന്നുമില്ല എന്നാണ്. എന്നാൽ, രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ്, ചെലവ് എന്നിവ യഥാക്രമം 159974/- രൂപ, 1483/-രൂപ എന്നിങ്ങനെയാണ്.
5. താഴെ പറയുന്ന ചെക്കുകൾ 2020-21 സാമ്പത്തിക വർഷം എം എൻ ആർ ഇ ജി എസ് അക്കൌണ്ടിലേയ്ക്ക് നെറ്റ് ട്രാൻസ്ഫർ ചെയ്ത് വന്ന തുകകൾ (06.10.2020 ൽ 1899/- രൂപ, 21.11.2020 ൽ 1000/- രൂപ, 25.03.2020 ൽ 4720/- രൂപ,) കാഷ് ബുക്കിൽ വരവായി ചേർത്തിട്ടില്ല. ആയതിനാൽ, കാഷ് ബുക്ക്, പാസ്ബുക്ക് എന്നിവയിലെ നീക്കിയിരുപ്പുകളിൽ 7619/- രൂപയുടെ വ്യത്യാസം.
6. വസ്തു നികുതി ഡിമാന്റ് തുകയിൽ വാർഷിക കണക്ക്, സഞ്ചയ എന്നിവ പ്രകാരമുള്ളവ തമ്മിൽ 52568/-രൂപയുടെ വ്യത്യാസം കാണുന്നു.
7. തൻവർഷത്തെ ബി4 സ്റ്റേറ്റ്മെന്റിലെ മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ഭീമമായ തുകകൾ ചെലവഴിക്കപ്പെടാതെ നിലനില്ക്കുന്നു.

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/12.05.2022) ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകളിൽ രജിസ്റ്ററിൽ വരുത്തേണ്ട മാറ്റങ്ങൾ പരിഹരിച്ച് രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ, ടി അപാകതകൾ ക്രമീകരിച്ച് വരും വർഷങ്ങളിലെ വാർഷിക കണക്ക് ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19233495 |
| വരവ് | 83270795 |
| ആകെ | 102504290 |
| ചെലവ് | 80996108 |
| നീക്കിയിരിപ്പ് | 21508182 |
| വരവിനങ്ങളിലെ നഷ്ടം | 5000 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 94159 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1742761 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ഉറവിടത്തിൽ കുറവ് ചെയ്ത തുൾപ്പെടെ) (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22750250 | 22750250 | 2587467 | 17842354 | (*) 2320429 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 2414000 | 2414000 | 87843 | 1487995 | 838162 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 254000 | 254000 | - | 44000 | 210000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6364000 | 6364000 | - | 6364000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5250353 | 5250353 | - | 4471294 | (**) 779059 (ലാപ്സ്ഡ്) |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 13902092 | 13902092 | - | 10450057 | 3452035 (ലാപ്സ്ഡ്) |
| ധനകാര്യ കമ്മീഷൻ അവാർഡ് (Un-tied) | 0 | 7300000 | 7300000 | - | 1000000 | (**) 6300000 (ലാപ്സ്ഡ്) |

(*)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് (ജനറൽ) വരവ് തുക 2,01,62,783/- രൂപയും ചെലവ് തുക 2,04,29,821/- രൂപയുമാണ്. വരവിനേക്കാളും ചെലവ് കൂടുതലായി കാണുന്നു.

(**)ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈയ്ഡ്), മെയിന്റനൻസ് ഗ്രാന്റ് (നോൺ - റോഡ്) എന്നീ ഇനങ്ങളിലെ വരവ്-ചെലവ്-നീക്കിയിരുപ്പ് തുകകൾ വാർഷിക കണക്ക്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 1/12.02.2022) ന് ലഭ്യമാക്കിയ മറുപടിയിൽ ഉറവിടത്തിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർക്കാതെയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഐ.കെ.എം ഇത് തയ്യാറാക്കുന്നത്. ആയതിനാലാണ് ഇങ്ങനെ സംഭവിച്ചത് എന്നാണ് ആയതിനാൽ, ടി അപാകത പരിഹരിക്കുന്നതിന് വിഷയം ഐ.കെ.എം -ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 152 | 163001909 | 90 | 57735553 | 21 | 41 | 35.42 |

## 1-6 തൊഴിലുറപ്പ്പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6385 | 1526667 | 1533052 | 1525433 | 7619 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 63943973 | 63943973 | 63943973 | 00 |
| ആകെ | 6385 | 65470640 | 65477025 | 65469406 | 7619 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-2021 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 361440 | 249 |
| കർഷകതൊഴിലാളി പെൻഷൻ | 10787500 | 718 |
| വിധവാപെൻ ഷൻ | 13131100 | 915 |
| വാർദ്ധക്യകാല പെൻഷൻ | 22766700 | 1883 |
| വികലാംഗപെൻഷൻ | 5996300 | 398 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 1201600 | 86 |
| വിധവകളുടെ പെൾമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.5.2022 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9641/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
4. പഞ്ചായത്തിന്റെ വാഹനപരിപാലനവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ടുന്ന ഫ്യുവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നില്ല. ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.
5. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.
6. പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്തപരിശോധന തുടർനടപടി വൈകുന്നതിനാൽ വെള്ളക്കരമിനത്തിൽ അധിക ചെലവിന് കാരണമാകുന്നു. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 വസ്തുനികുതി നിർണ്ണയത്തിൽ അനധികൃത ഇളവ് നൽകി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകളിലെ സൈറ്റ് പ്ലാനിലെ വിവരങ്ങളിൽ നിന്നും വ്യത്യസ്ഥമായി നികുതി നിർണ്ണയിച്ചിരിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു

| പേര്/വിലാസം | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|
| ഷൈലജ,പതിനഞ്ചിൽ 6/377A | 178.87ച.മീ, വാസഗൃഹം | 178.87 @7=1252.09<br>ഇളവുകൾ<br>തൃതീയ മേഖല- 20%<br>1.5 മീറ്ററിൽ കുറവ് വഴി സൌകര്യം = 10%<br>ആകെ ഇളവ് 30% =375.627<br>ആകെ നികുതി=877 | 178.87@7=1252.09<br>മേഖല ഇളവ് 20% =250<br>വഴി സൌകര്യം- 1.5m ൽ കൂടുതൽ<br>ആകെ നികുതി =1002 |

| | | | |
|---|---|---|---|
| യദുകൃഷ്ണൻ,ശ്രീപ്രിയ, 6/66A | 240.74 ച.മീ വാസഗൃഹം | 240.74@7=1685<br>ഇളവുകൾ<br>ദ്വിതീയം- 10%<br>1.5 മീറ്ററിൽ കുറവ് വഴി സൌകര്യം = 10%<br>ആകെ ഇളവ് 20%=337<br>ആകെ നികുതി=1349 | 240.74@7=1685<br>ദ്വിതീയം- 10%<br>=168.5<br>വഴി സൌകര്യം- 1.5mൽ കൂടുതൽ<br>ആകെ നികുതി =1516 |
| റഫീക്ക്&നൌഷാദ് 7/340A | 42.06ച.മീ ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ളവ | 42.06@60=2523.6<br>ഇളവുകൾ<br>തൃതീയം- 20%<br>വഴി സൌകര്യം-10%<br>മേൽക്കൂര-10 %<br>ആകെ ഇളവ് 40%=1009.4<br>നികുതി=1515 | 42.06@60=2523.6<br>ഇളവുകൾ<br>തൃതീയം- 20%<br>മേൽക്കൂര-10 %<br>വഴി സൌകര്യം- 1.5mൽ കൂടുതൽ<br>ആകെ ഇളവ്-30%<br>നികുതി=1767 |

നികുതി നിർണ്ണയത്തിലെ കുറവ് പരിശോധിക്കുവാനാവശ്യപ്പെട്ട് എൻക്വയറി(28/19.5.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി

1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം വാർഷിക ലൈസൻസ് ഫീസീടാക്കേണ്ടത്. 2020-21 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുള്ള താഴെകൊടുത്തിരിക്കുന്ന സ്ഥാപനത്തിന്റെ അപേക്ഷ പരിശോധിച്ചതുപ്രകാരം ഇവയോടൊപ്പം ഹാജരാക്കിയിട്ടുള്ള മറ്റ് വകുപ്പുകളുടെ ക്ലിയറൻസിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധനനിക്ഷേപം അടിസ്ഥാനപ്പെടുത്തി ഈടാക്കാമായിരുന്ന പരമാവധി ലൈസൻസ് ഫീസിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് ഈടാക്കിയത്.

| ക്രമ നം. | സ്ഥാപനം/വിലാസം | മറ്റ് വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് | പട്ടിക II പ്രകാരം ഈടാക്കാവുന്ന ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | ഫിലിപ്പ് തോമസ്, മാനേജർ മിൽമ, 10/407 | PCB/ALP /UCO/21 /076/.11.2019<br>പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-11 കോടി | 15000/- | 10000/-<br>രസീത് നം-119070500082/ 27.2.2020 | 5000 |

അപാകത പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(26/19.5.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ചട്ടങ്ങളിൽ നിഷ്കർഷിക്കുംപ്രകാരമുള്ള ഫീസീടാക്കി തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

## 1-12 ദിവസ വേതനാടിസ്ഥാനത്തിലെ നിയമനം-തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം

പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ 1998 ഒക്ടോബർ മാസം മുതൽ ദിവസവേതനാടിസ്ഥാനത്തിൽ മാർക്കറ്റ് സ്വീപ്പറായി ജോലിചെയ്തു വന്നിരുന്ന ശ്രീമതി.കനകമ്മ.ഇ.ൽ, പുതുവൽ വെളി എന്നയാളെ പഞ്ചായത്ത് ഡയറക്ടറുടെ 04.04.2004ലെ ഇ9-29862/03നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിടുകയുണ്ടായി. തുടർന്ന് തന്റെ നിയമനം ക്രമവത്ക്കരിയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അതിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി W.p (C) No. 29631/05, 13.03.2006നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. സ്വീപ്പിംഗ് ഏരിയയുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി ടിയാരിയുടെ ആവശ്യം പരിഗണിയ്ക്കണമെന്നും ആയതിൽ തീരുമാനം ഉണ്ടാകുന്നതുവരെ ജോലിയിൽ തുടരാൻ അനുവദിക്കണമെന്നും പ്രസ്തുത ഉത്തരവിൽ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 27.03.2007 ലെ ജി. ഒ (ആർ. ടി) നം. 965/07/ത.സ്വ.ഭ.വ ഉത്തരവിൽ, 25.11.2005ലെ സ.ഉ (അച്ചടി)501/05/ധന പ്രകാരം 600/-രൂപ

പ്രതിമാസവേതനത്തിൽ ജോലി ചെയ്യുന്ന കാഷ്വൽ സ്വീപ്പർമാർക്ക് മാത്രമേ നിയമനം ക്രമവത്ക്കരിക്കുന്നതിന് അർഹതയുള്ളു എന്നും ശ്രീമതി.കനകമ്മ ദിവസവേതാടിസ്ഥാനത്തിൽ സ്വീപ്പറായി നിയമിക്കപ്പെട്ട വ്യക്തിയായതിനാൽ ടിയാളുടെ നിയമനം ക്രമവത്ക്കരിക്കാൻ നിർവ്വാഹമില്ലെന്നും കാണിച്ച് ടിയാരിയുടെ അപേക്ഷ നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഇയാൾ വീണ്ടും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്നുണ്ടായ വിധിന്യായ (W.p(c) No. 15701/07,10.02.2009) പ്രകാരം ടിയാരിയുടെ ആവശ്യം പരിഗണിയ്ക്കണമെന്നും കോടതി ഉത്തരവ് കൈപ്പറ്റി 3 മാസത്തിനുള്ളിൽ അനുയോജ്യമായ ഉത്തരവ് പുറപ്പെടുവിയ്ക്കണമെന്നും സർക്കാരിനോട് നിർദ്ദേശിച്ചു. ഇക്കാര്യം പരിശോധിച്ച സർക്കാർ 25.11.2005ലെ (അച്ചടി)501/05/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ടിയാരിയുടെ നിയമനം ക്രമവത്ക്കരിക്കാൻ വ്യവസ്ഥയില്ലെന്ന് കാണിച്ച് 07.07.2010ലെ ജി.ഒ (ആർ. ടി) നം.2226/10/എൽ.എസ്.ജി.ഡി ഉത്തരവ് പുറപ്പെടുവിച്ചു.

തുടർന്ന്, ഇതേ ആവശ്യമുന്നയിച്ച് ഇയാൾ വീണ്ടും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ജഡ്ജ്മെന്റ് (Wp(c)No.1099/2011(J), 11.02.2020) പ്രകാരം 1998 മുതൽ ടിയാരിയുടെ സേവനം ക്രമവത്ക്കരിക്കാതിരുന്നത് നിയമവിരുദ്ധമാണെന്നും 07.07.2010ലെ ജി.ഒ (ആർ. ടി) നം.2226/10 /എൽ.എസ്.ജി.ഡി ഉത്തരവ് (ടിയാരിയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം റദ്ദാക്കിയ ഉത്തരവ്) നിലനില്ക്കുന്നതല്ലെന്നും ജി ഒ (പി) നം.501/05ഫിൻ, തീയതി- 25.11.2005 ലെ വ്യവസ്ഥകൾ ടിയാരിയ്ക്കും ബാധകമാണെന്നും ആയതിനാൽ, 10/1998 മുതൽ ഇത് തുടർസർവീസായി പരിഗണിക്കേണ്ടതാണെന്നും നിയമനം സർക്കാർ പുന: പരിഗണിയ്ക്കേണ്ടതാണെന്നും ടി ജഡ്ജ്മെന്റ് കൈപ്പറ്റി 4 മാസത്തിനുള്ളിൽ സർക്കാർ ഇക്കാര്യത്തിൽ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി ഉത്തരവ് പുറപ്പെടുവിയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാനായി ടി ജഡ്ജ്മെന്റ് ഗ്രാമ പഞ്ചായത്തിൽ കൈപ്പറ്റി രണ്ടാഴ്ച്ചയ്ക്കുള്ളിൽ സർക്കാരിലേയ്ക്ക് ഇയാളുടെ നിയമനത്തിനാവശ്യമായ ശുപാർശയുടെ ഒരു പകർപ്പുകൂടി (രേഖകൾ സഹിതം) സർക്കാരിന് നല്കുവാനും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ,ഇതിലും കാലതാമസമുണ്ടായിട്ടുള്ളതായി കാണുന്നു.
30.07.2021 ലെ 35(1) പഞ്ചായത്ത് കമ്മിറ്റി നമ്പർതീരുമാന പ്രകാരം പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളിലും പഞ്ചായത്ത് ഓഫീസിലും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിലവിൽ ഒഴിവില്ലെന്നും കൂടാതെ പഞ്ചായത്ത് ഓഫീസിൽ നിലവിൽ 2 പാർട്ട് ടൈം സ്വീപ്പർമാർ ജോലി നോക്കിവരുന്നുവെന്നും നിലവിലെ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതിചെയ്യുന്ന സ്ഥലം നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ളതിനാൽ ടി സ്ഥലത്തും പാർട്ട് ടൈം സ്വീപ്പറുടെ ആവശ്യമില്ലെന്നും. കൂടാതെ 27.11.2021ലെ 2(1)നമ്പർ തീരുമാന പ്രകാരം പുതിയ മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ശ്രീമതി. കനകമ്മയെ മാർക്കറ്റ് സ്വീപ്പർ തസ്തികയിൽ പരിഗണിക്കാമെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴയുടെ 16.06.2021ലെ ഇ3-1542/2011 നം. കത്ത് മുഖേന ആവശ്യപ്പെട്ടതിൻ പ്രകാരം 2.08.2021-ൽ മേൽ തീരുമാനങ്ങൾ അടങ്ങുന്ന പ്രൊപ്പോസൽ ഗ്രാമ പഞ്ചായത്തിൽ നിന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , ആലപ്പുഴയ്ക്ക് അയക്കുകയാണ് ഉണ്ടായിട്ടുള്ളത്.

തുടർന്ന് മേൽ കമ്മറ്റി തീരുമാനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. കനകമ്മയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് 11.12.2021ൽ (സാധാ)/2544/2021/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിൻമേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/18.05.2022) ലഭിച്ച മറുപടിയിൽ മാർക്കറ്റ് പ്രവർത്തിക്കുന്ന കെട്ടിടം ഉൾപ്പെടെയുള്ള മുൻഭാഗവും വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ളതാണ്. ഇപ്പോൾ ശേഷിക്കുന്ന മാർക്കറ്റിന്റെ സ്ഥലത്ത് പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം കൈകൊണ്ടിട്ടുള്ളതും തുടർനടപടി ആരംഭിച്ചിട്ടുള്ളതുമാണ് 2021-22വാർഷിക പദ്ധതിയിൽ ടി കെട്ടിടനിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 4703370/-രൂപ വകയിരുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ, നിലവിൽ പഞ്ചായത്ത് ഓഫീസിലോ പഞ്ചായത്ത് ഘടക സ്ഥാപനങ്ങളിലോ പാർട്ട് ടൈം സ്വീപ്പർ തസ്തിക ഒഴിവില്ലാത്തതിനാലും ടി വിവരം സർക്കാരിലേയ്ക്ക് അറിയിച്ചിരുന്നുവെന്നുമാണ്. എന്നാൽ, ശ്രീമതി കനകമ്മ നിലവിലും ദിവസവേതനാടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിൽ സേവനം തുടർന്ന് വരുന്നു. മേൽ സർക്കാർ ഉത്തരവിന്മേൽ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 സ്റ്റോക്ക്, വിതരണ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല

I)S0093/21 - തരിശു രഹിതപഞ്ചായത്ത്
അടങ്കൽ-500000-(വികസനഫണ്ട്)
500000/-ജില്ലാപഞ്ചായത്ത് വിഹിതം
ചെലവ്
1)ബിൽ നം-6/20-21/-24.2.2021-262250/-

3)ബിൽ നം-2/20-21-29.9.2020-102750/-

3)ബിൽ നം-5/20-21-19.1.2021-135000/-

ഗ്രാമപഞ്ചായത്തിലെ 37 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെയ്കോയിൽ നിന്നും അഞ്ച് ലക്ഷം രൂപയുടെ നടീൽ വസ്തുക്കൾ (വാഴവിത്ത്, കപ്പകമ്പ്) എന്നിവ വാങ്ങി ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും സൌജന്യമായി വിതരണം നടത്തിയിട്ടുണ്ട്. തൈകൾ വാങ്ങിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം/തീയതി | ഇൻവോയിസ് നം/ തീയതി | ഇനം/എണ്ണം | തുക |
|---|---|---|---|---|
| 1 | 6/20-21/24.2.2021 -262250/- | AMB/188 /20-21 Dt .30.1.2021 | വാഴവിത്ത്-5000 @15<br>കപ്പകമ്പ്-5000@12 | 135000/- |
| | | AMB/209 /20-21 Dt .10.2.2021 | വാഴ-4713@15<br>കപ്പകമ്പ്-4713@12 | 127250/- |
| 2 | 2/20-21-29.9.2020-102750/- | AMB/83 /20-21 Dt .22.9..2020 | വാഴ-5250@15<br>കപ്പകമ്പ്-2000@12 | 102750/- |
| 3 | 5/20-21-19.1.2021-135000/- | AMB/130 /20-21 Dt .19.1..2021 | വാഴ-5000@15<br>കപ്പകമ്പ്-5000@12 | 135000/- |
| ആകെ | 500000/- | | വാഴ-19963 എണ്ണം<br>കപ്പകമ്പ്-16713 | 500000/- |

തൊഴിലുറപ്പിൽപ്പെടുത്തി കൃഷി ചെയ്യിക്കുന്നതിനായി 5250 വാഴവിത്തും 2000 കപ്പത്തണ്ടും പഞ്ചായത്തു പ്രസിഡന്റ് കൈപ്പറ്റിയതുകൂടാതെ വിതരണ രജിസ്റ്റർ പ്രകാരം 3870/-വാഴവിത്തുകളുടെയും കപ്പകമ്പുകളുടെയും വിതരണവിവരമാണ് ലഭ്യമാക്കിയിരിക്കുന്നത്. വിതരണം ചെയ്യാൻ ബാക്കിയുള്ള നടീൽ വസ്തുക്കളിൽ വിതരണ വിവരം ലഭ്യമാക്കാത്ത വാഴവിത്തിന്റെ വിലയായ 10843x15=162645/-രൂപയും, കപ്പക്കമ്പിന്റെ വിലയായ 10843x12=13011/-രൂപയുമുൾപ്പെടെ ആകെ 292761/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

II) സമഗ്ര പുരയിടകൃഷി, ഗ്രോബാഗ് പച്ചക്കറികൃഷി, സുഭിക്ഷകേരളം ഫലവൃക്ഷത്തൈകളുടെ വിതരണം എന്നീ പദ്ധതികളിലുൾപ്പെടുത്തി കെയ്കോ, വി.എഫ്.പി.സി.കെ എന്നിവിടങ്ങളിൽ നിന്നും നിരവധി നടീൽ വസ്തുക്കൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ടെങ്കിലും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുക്കാതെയാണ് വിതരണം ചെയ്തതായി കാണിച്ചിരിക്കുന്നത്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(2/12.5.2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പദ്ധതിപ്പണം ഉപയോഗിച്ചുള്ള വാങ്ങലുകൾ സ്റ്റോക്കിലെടുത്തുമാത്രം വിതരണം ചെയ്യേണ്ടതാണ്.

## 1-14 പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ നിഷ്ക്രീയ ആസ്തിയായി തുടരുന്നു

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ, ബി4 സ്റ്റേറ്റ്മെന്റിലെ മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ഭീമമായ തുകകൾ ചെലവഴിക്കപ്പെടാതെ നിലനില്ക്കുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ശീർഷകം | തുക |
|---|---|
| ഐ.സി.ഡി.എസ് ഫണ്ട് | 593634 |
| ടോട്ടൽ സാനിറ്റേഷൻ കാപ്യ്ൻ | 1071020 |
| സ്വച്ഛ് ഭാരത് മിഷൻ | 2494674 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 496356 |
| ടോട്ടൽ സാനിറ്റേഷൻ | 1390957 |

മേൽ സൂചിപ്പിച്ച തുകകൾ അതാത് ആവശ്യത്തിനായി വിനിയോഗിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ അവ ബന്ധപ്പെട്ട ശീർഷകത്തിലേയ്ക്ക് തിരികെ ഒടുക്ക് വരുത്തേണ്ടതാണ്.

## 1-15 ലൈഫ്-വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം.114 (ലൈഫ് ഭവന നിർമ്മാണ പദ്ധതി) പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ വീട്ടുനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പഞ്ചായത്തുമായി കരാർവെച്ച് 6 മാസത്തിനുള്ളിൽ വീട് നിർമ്മാണം പൂർത്തീകരിക്കണമെന്നാണ് ലൈഫ് പദ്ധതിയുടെ മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നത്. ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/19.05.2022) വീട് നിർമ്മാണം ഉടൻ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വി.ഇ.ഒ. മറുപടി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | |
|---|---|---|---|
| 1) | ഗീതമ്മ ഭാസ്കരൻ കണിച്ചുകാട് | IIII | 360000 |
| 2) | കൃഷ്ണ സുരേഷ് ചിറയിൽ | Iii | 40000 |
| 3) | ലത, പനന്താനം | V | 360000 |
| 4) | ചന്ദ്രിക, മാവുങ്കൽ വെളി | V | 300000 |
| 5) | രജിമോൾ ജയലാൽ, വലിയപറമ്പ് | X | 360000 |
| 6) | നസീമ, ചക്കിട്ട പറമ്പ് | X | 360000 |
| 7) | ബോണി ഫയസ്, പുത്തൻപുരയ്ക്കൽ | III | 340000 |
| 8) | ലൈല, പോത്തശ്ശേരി | VIIII | 360000 |
| 9) | സോമരാജൻ, കിഴക്കെ തൈയ്യിൽ | XV | 360000 |

## 1-16 ലൈഫ്-നിലവിൽ വീടുള്ളയാളുമായി കരാറിലേർപ്പെട്ട് മുൻകൂർ അനുവദിച്ചു

പ്രോജക്ട് നമ്പർ – 171/20

പേര് – ലൈഫ് (ഫിഷറീസ്)

ബിൽ നമ്പർ – 2/24.03/2021

തുക – 40000/-

ലൈഫ് -ഫിഷറീസ് പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിനായി ശ്രീ.റോബർട്ട് മൂത്തേടത്ത് എന്ന ഗുണഭോക്താവിന് 40000/- രൂപ മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ പേരിൽ അതേ വാർഡിൽ തന്നെ മറ്റൊരു വീട് നിലവിലുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം സ്വന്തമായി മറ്റൊരു വീട് ഉള്ളയാളുമായി കരാറിലേർപ്പെട്ട് മുൻകൂർ തുക അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്.ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/18.05.2022) കരാറിലേർപ്പെട്ട് മുൻകൂർ അനുവദിച്ച ശേഷമാണ് ടിയാൾക്ക് മറ്റൊരു വീടുണ്ടെന്ന കാര്യം കണ്ടെത്തിയതെന്നും തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാരം ക്രമവിരുദ്ധമായി അനുവദിച്ച 40,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-17 വീട് വാസയോഗ്യമാക്കൽ -കാലപ്പഴക്കം പരിഗണിക്കാതെ തുക അനുവദിച്ചു

പ്രോജക്ട് നമ്പർ – 41/20
പേര് – വീട് വാസയോഗ്യമാക്കൽ (പട്ടികജാതി വിഭാഗം)
ബിൽ നമ്പർ – 9/2020-21 / 16.01.2021 – 50000/- രൂപ
11/2020-21/ 21.03.2021 – 50000/- രൂപ

മേൽ പദ്ധതിയിലുൾപ്പെടുത്തി ശ്രീ. രാജു, ഇല്ലിക്കൽ എന്ന ഗുണഭോക്താവിന് 100000/- നൽകിയിട്ടുണ്ട്. കുറഞ്ഞത് 8 വർഷം പഴക്കമുള്ള വീടുകൾക്ക് മാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്ന സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥ ഇക്കാര്യത്തിൽ പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുള്ള സാക്ഷ്യപത്രത്തിൽ ടിയാന്റെ കെട്ടിടത്തിന് 7 വർഷത്തെ കാലപ്പഴക്കമാണ് കാണിച്ചിട്ടുള്ളത്. ഇപ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക അനുവദിച്ചതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/18.05.2022) വി ഇ ഒ നൽകിയ മറുപടിയിൽ പ്രസ്തുത വീടിന് 10 വർഷത്തെ കാലപ്പഴക്കമുണ്ടെന്നും അസസ്സ്മെന്റ് വൈകിയതുമൂലമാണ് അപ്രകാരം സംഭവിച്ചതെന്നും പറഞ്ഞിരിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അനുവദിച്ച തുകയായ 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്യിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ | അനർഹമായ കാലയളവ്/ | തുക |
|---|---|---|---|---|---|
| 1 | മഹിളാമണി,ദൈവപുരയ്ക്കൽ | വിധവ പെൻഷൻ 104490600463 | 03.9.2020 | 10/2020 മുതൽ 4/2022-വരെയുള്ള 29500/- രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 29500/- |

| | | | | | |
|---|---|---|---|---|---|
| 2 | ഭാസ്കരൻ ആശാരി,പുത്തൻവെളി | വാർദ്ധക്യകാല പെൻഷൻ 104490200100 | 27.7.2020 | 8/2020 മുതൽ 4/2022 വരെയുള്ള 32800/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു | 32800/- |
| 3 | മത്തായി,ചെന്നയ്ക്കൽ | " 104490201306 | 6.8.2020 | 9/2020 മുതൽ 11/2020 വരെ 1800/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 12/2020 മുതൽ 4/22022 വരെയുള്ള 10200/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടില്ല | 12000/- |
| 4 | ത്രേസ്യാമ്മ പീറ്റർ പുത്തൻപുരയ്ക്കൽ | വിധവ പെൻഷൻ 104490600259 | 26.8.2020 | മസ്റ്ററിംഗ് നടത്താത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു | - |
| 5 | കെ.സി.ദാസ് , പതിനഞ്ചിൽ ചിറ | കർഷകത്തൊഴിലാളി പെൻഷൻ 104490100705 | 29.3.2020 | 4/2020 മുതൽ 4/2022 വരെ-36100/ രൂപ-ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 36100/- |
| 6 | രമേഷ് ബാബു ചാവടിത്തറ | വാർദ്ധക്യകാല പെൻഷൻ 104490202240 | 10.6.2020 | 7/2020 മുതൽ 4/2021 വരെ 14300/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു, 5/2021 മുതൽ 4/2022 വരെയുള്ള 19200/-അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടില്ല | 33500/- |
| 7 | വനജാക്ഷി.കുന്നേൽ | കർഷകത്തൊഴിലാളി പെൻഷൻ 104490100638 | 22.6.2020 | 7/2020 മുതൽ 4/2022 വരെ 33500/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 33500/- |
| 8 | അബ്ദുൾ സമദ് ഉരുത്തിയിൽ(മാത്തിൽപറമ്പിൽ (ആധാർ നം-255602931182) | " 104490202086 | 2.3.2020 | 4/2020 മുതൽ 2/2022 വരെ 31500/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു 3/2022 മുതൽ 4/2022 വരെയുള്ള 3200/- നിക്ഷേപിച്ചിട്ടില്ല. | 34700/- |
| ആകെ | | | | | 2,12,100/- |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുക കേരളബാങ്കിലെ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതുമാണ്.

II) പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിലെ ഡെത്ത് റിപ്പോർട്ട് പരിശോധിച്ചതിൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സേവന ഡാറ്റാ ബെയ്സിൽ നിന്നും ഒഴിവാക്കുന്നതിൽ വളരെയധികം കാലതാമസം ഉള്ളതായി കാണുന്നു. ഇതുമൂലം അനർഹമായ കാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൌണ്ട് വഴി പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് അതാത് ബാങ്കുകളിലേക്കും, ഡയറക്ട് ടു ഹോം പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ സർവ്വീസ് സഹകരണബാങ്കുകളിലെ അക്കൌണ്ടുകളിലേക്കും നൽകിക്കൊണ്ടിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു

1) ബാങ്ക് അക്കൌണ്ട് വഴി പെൻഷൻ ലഭിച്ചവർ

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ തുക |
|---|---|---|---|---|
| 1 | സോമരാജൻ, കൊറ്റക്കാട് | വാർദ്ധക്യകാല പെൻഷൻ 104490202129 | 29.3.2020/ 18.10.2021 | 29000/- അക്കൌണ്ടിൽ നിക്ഷേപിച്ചു |

ബാങ്ക് അക്കൌണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ അനന്തരാവകാശികൾ പിൻവലിച്ചിരിക്കുവാൻ സാധ്യതയുള്ളതിനാൽ ടി തുക 241100/- (212100+29000)തിരികെ കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക്

ഒടുക്കുന്നതുവരെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

2) സഹകരണ ബാങ്കുകൾ വഴി (ഡയറക്ട് ടു ഹോം)

| ക്രമനം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | കൈപ്പറ്റാത്ത തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഖദീജ ഉമ്മ, കല്ലുപുരയ്ക്കൽ | വാർദ്ധക്യകാലപെൻഷൻ 104490200213 | 13.7.2020/ 24.11.2021 | 23200/- | 5/2020 മുതൽ 10/2021 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 2 | ഉമ്മസെൽമ,പുതുവൽ | 1)വാർദ്ധക്യകാലപെൻഷൻ 104490202122 2)വികലാംഗപെൻഷൻ 104490400001 | 20.7.2020/ 24.11.2021 | 10800/- 26500/- | 5/2020 മുതൽ 10/2021 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 3 | ഗുരുപ്രസാദ് കാളികാട്ടുവെളി | വാർദ്ധക്യകാലപെൻഷൻ 104490200751 | 12.7.2020/ 24.11.2021 | 27700/- | 5/2020 മുതൽ 10/2021 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 4 | അബ്ദുൾഖാദർ നാളികാട് തയ്യിൽ | വാർദ്ധക്യകാലപെൻഷൻ 104490200813 | 20.8.2020/ 24.11.2021 | 24700/- | 7/2020 മുതൽ 10/2021 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 5 | ദാസൻ,വടക്കേടത്ത് | " 104490200363 | 05.3.2020 /24.11.2021 | 33600/- | 10/2019 മുതൽ 10/2021 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |

മുകളിൽ സൂചിപ്പിച്ചവർക്ക് അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(7/16.7.2022) നൽകിയതിന്റെ മറുപടി പ്രകാരം മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുകയും അനർഹമായ കാലയളവിലേക്ക് നൽകിയ തുക കേരളബാങ്കിലെ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിശദാംശത്തിനായി ബാങ്കുകൾക്ക് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. ആയതുപ്രകാരം വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

ധനകാര്യ(എസ്.എഫ്.സി.ബി) വകുപ്പിന്റെ 28.8.2021 ലെ 63/2021 ധന.സർക്കുലറിലെ (1)-ാം നമ്പർ നിർദ്ദേശപ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുൻപ് മരണവിവരം അറിയിക്കേണ്ടതാണ്. നിലവിൽ ഈനിർദ്ദേശം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവനഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ്)നം 97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

- പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
- മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം

പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

- പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-19 കൃഷി-അർഹമായ സബ്സിഡി നൽകുന്നില്ല

I)S0062/21 - മൺപാത്രം, ചകിരി ബാഗിൽ പച്ചക്കറി കൃഷി

അടങ്കൽ-300000-(വികസനഫണ്ട്), 300000/-ഗുണ.വിഹിതം

ചെലവ്

1)ബിൽ നം-7/20-21/-22.2.2021-105000/-

3)ബിൽ നം-11/20-21-27.2.2021-105000/-

3)ബിൽ നം-14/20-21-27.2.2021-89250/-

4) ഗുണഭോക്തൃവിഹിതം-342000/-

പദ്ധതി പ്രകാരം പോട്ടിംഗ് മിശ്രിതവും പച്ചക്കറി തൈയും ഉൾപ്പെടെ 150/-രൂപവിലവരുന്ന 15 ഗ്രോബാഗുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റ് നൽകുവാനുദ്ദേശിച്ച പദ്ധതിയാണിത്. ഒരു യൂണിറ്റിന് 2250/- രൂപ പ്രകാരം 285 യൂണിറ്റുകൾ കെയ്കോയിൽ നിന്നും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഒരു യൂണിറ്റിന് 1200/- രൂപയാണ് ഗുണഭോക്തൃവിഹിതമായി ഈടാക്കിയത്. സബ്സിഡി മാർഗരേഖ പ്രകാരം ഈ പ്രോജക്ടിന് എല്ലാ വിഭാഗങ്ങൾക്കും 75% സബ്സിഡി നൽകാമെന്നിരിക്കെ 46.7% ശതമാനമാണ് സബ്സിഡി നൽകിയിരിക്കുന്നത്. കർഷകർക്ക് അർഹമായ സബ്സിഡി നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (2/12.5.2022) നൽകിയതിന്, കൂടുതൽ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനുവേണ്ടിയാണ് പദ്ധതി വിഹിതം കുറച്ച് ഗുണഭോക്തൃവിഹിതം കൂട്ടി വാങ്ങിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. പദ്ധതി മാർഗ്ഗരേഖപ്രകാരം ഗുണഭോക്താക്കൾക്ക് അനുവദനീയമായ സബ്സിഡി നൽകിക്കൊണ്ട് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

## 1-20 ഐ.കെ.എം വിഹിതം നല്കൽ -1,00,000/-രൂപ തടസ്സപ്പെടുത്തുന്നു

എസ് 00102/21

അടങ്കൽ - 100000/- (വികസന ഫണ്ട്)

ചെലവ്- 100000/- (ബിൽ നം. 17/ 2020-21, തീയതി-28.10.2020)

ടി പ്രോജക്റ്റ് പ്രകാരം 1,00,000/- രൂപ ഇൻഫർമേഷൻ കേരള മിഷന്റെ അക്കൌണ്ടിലേയ്ക്ക് മാറി നല്കിയിട്ടുണ്ട്. തുക ലഭിച്ചതായി ഐ.കെ.എം. എക്സിക്യൂട്ടിവ് ഡയറക്ടറുടെ കൈപ്പറ്റ് രശീത് ഉണ്ട്. 1,00,000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/13.05.22)മറുപടി ലഭ്യമാക്കില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, ചെലവ് തുക 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 പാലിന് സബ്സിഡി അധിക നിരക്കിൽ നൽകി

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ക്ഷീരസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപയുൾപ്പെടെയാണ് ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ (ഒരു വർഷം ഒരു കർഷകന് പരമാവധി 40000)കണക്കാക്കി അത്രയും തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകേണ്ടത്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയ രണ്ട് പ്രോജക്ടുകളിലും വികസനഫണ്ടിൽ നിന്നുതന്നെ 4 രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു

1)S0040/21 പാലിന് സബ്സിഡി

അടങ്കൽ -200000(വികസനഫണ്ട് സാധാരണ വിഹിതം)

ചെലവ്-

I)ബിൽ നം 2/20-21 തീയതി.26.8.2020-67629/-

Ii)ബിൽ നം 3/20-21 തീയതി.26.8.2020-47217/-

Iii)ബിൽ നം 4/20-21 തീയതി.5.2.2020-85154/-

| ബിൽ നം/ തീയതി | ക്ഷീര സംഘത്തിന്റെ പേര് | സംഘങ്ങളുടെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം നൽകിയ തുക | വികസന ഫണ്ടിൽ നിന്നും നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 4/20-21 തീ.5.2.2020 | പുന്നപ്ര വെസ്റ്റ് | സെപ്റ്റംബർ മാസത്തെ പാലളവ് - 7826 @4=31304 | 7826@3=23478 | 7828/- |
| | പുന്നപ്ര | സെപ്റ്റംബർ മാസത്തെ | 4162@3=12486 | 4162/- |

| | | | | |
|---|---|---|---|---|
| | | പാലളവ് - 4162@4=16648 | | |
| ആകെ | | | | 11988/- |

1l)SO97/21-പാലിന് ഇൻസന്റീവ്

അടങ്കൽ -231019(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ്-41626/-

l)ബിൽ നം 1/20-21 തീ.12.5.2020-41626/-

| ക്ഷീരസംഘത്തിന്റെ പേര് | സംഘത്തിന നൽകിയ തുക | വികസന ഫണ്ടിൽ നിന്നും നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| പുന്നപ്ര വെസ്റ്റ് ക്ഷീരോല്പ്പാദക സഹകരണ സംഘം | 2184@4=8736 | 2184@3=6552 | 2184/- |
| പുന്നപ്ര ക്ഷീരോല്പ്പാദക സഹകരണ സംഘം | 9309@3.533=32890 | 9309@3=27927 | 4963/- |
| ആകെ | | | 7147/- |

വികസനഫണ്ടിൽ നിന്നും അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.6/16.5.2022 നൽകിയതിന്, 2020-21 സാമ്പത്തിക വർഷത്തിൽ ക്ഷീരവികസന വകുപ്പിൽ നിന്നും ഫണ്ട് ലഭിക്കാത്തതിനാലാണ് വികസന ഫണ്ടിൽ നിന്ന് സബ്സിഡി നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. അധികമായി നൽകിയ(11948+7147)= 19195/-രൂപ തിരികെ ഒടുക്കി അറിയിക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്ക് പരിപാലനം

പ്രോജക്ട് നം. - 5/21
അടങ്കൽ തുക -273000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക - 116320/-(1.32/2021-21, 16.03.2021, 2.32/2021-21, 16.03.2021)
തെരുവ് വിളക്ക് പരിപാലനം എന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, തെരുവ് വിളക്കുകളുടെ പരിപാലനം (റിപ്പയറും മെയിന്റനൻസും) ടെണ്ടറിംഗിലൂടെ നടപ്പിലാക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിൽ (നം. 3055/ഡി എ3/2011/തസ്വഭവ, തീയതി-15.09.2011) ടെണ്ടറിംഗിലുള്ള മാർഗ്ഗരേഖകൾ എന്ന ഭാഗത്ത് ഖണ്ഡിക(ഡി) ആയി കരാറുകാരൻ/സൂപ്പർവൈസറി ലൈസൻസുള്ള കരാറുകാരൻ/സൂപ്പർവൈസർ/ഇത്തരം ജോലികൾ ഏർപ്പാടാക്കി നല്കുന്ന ഏജൻസികളിൽ പ്രവർത്തിച്ചയാൾ എന്നിങ്ങനെ സമാന ജോലികളിലുള്ള മുൻപരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ കരാർ സമർപ്പിക്കുന്ന ആൾ ഹാജരാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച ശ്രീ.വിചിത്രൻ, വിചിത്ര ഏജൻസീസ് എന്നയാൾക്ക് 27.10.2020ലെ 1 (1)-ാം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം ടി പ്രവൃത്തി നടത്തുന്നതിന് അംഗീകാരം നല്കി . ടെണ്ടറിനൊപ്പം സമർപ്പിച്ച രേഖകളിൽ ടിയാളുടെ പേരിലുള്ള, മേൽ ഉത്തരവിൽ സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. ഫയലിൽ, ശ്രീ.അനിൽ കുമാർ, പോളയ്ക്കൽ തെക്കതിൽ വീട്, പഴവീട് എന്നയാളുടെ പേരിൽ കെ.എസ്.ഇ.ബി - ൽ നിന്നും ഇഷ്യൂ ചെയ്ത ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ കാർഡാണ് സൂക്ഷിച്ചിട്ടുള്ളത്. പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24/18.05.2022)ന് ലഭ്യമാക്കിയ മറുപടിയിൽ ഈ മേഖലയിൽ ശ്രീ.വിചിത്രന് പരിചയവും അനുഭവ സമ്പത്തും ഉള്ളതിനാലും 2016-17 വർഷം മുതൽ ടി പഞ്ചായത്തിലും ആലപ്പുഴ മുനിസിപ്പാലിറ്റി, വിവിധ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ തൃപ്തികരമായി പ്രവൃത്തി ഏറ്റെടുത്ത് നടത്തിവരുന്നയാളുമാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാർ ഉത്തരവുകൾ പാലിച്ച് കരാർ പ്രവൃത്തികൾ ഏൽപ്പിക്കേണ്ടതാണ്.

മറ്റ് അപാകതകൾ

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി നടത്തുന്നതിനും എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിനും ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരനെ ഏൽപ്പിച്ചിട്ടുള്ളതാണ്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തി കരാറിലേർപ്പെടാതെ ശൂന്യമായ മുദ്രപ്പത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.
2. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവു വിളക്കുകളുടെ വിവരങ്ങൾ, പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനായുള്ള പരാതി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
4. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് വാർഡുതല മോണിട്ടറിംഗ് സമിതി രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തിയിട്ടില്ല.
5. ഇലക്ട്രീഷ്യൻമാരുടെ അംഗീകൃത ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയിട്ടില്ല.
6. ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
7. തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് നടത്തിപ്പിനാവശ്യമായ സാധനങ്ങളുടെ ആവശ്യകത നിർണ്ണയിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
8. പ്രവർത്തനക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി യും സംയുക്തപരിശോധന നടത്തി കണക്കാക്കിയിട്ടില്ല.

ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/13.05.2022) ലഭ്യമാക്കിയ മറുപടിയിൽ

ഫയലിൽ സൂക്ഷിച്ചിരിക്കുന്ന മുദ്രപ്പത്രം ഇനിമേൽ ആധികാരികമാക്കുന്നതാണെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. ഇത്തരം പദ്ധതികൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പ്രത്യേക കന്നുകുട്ടി പരിപാലനം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

I.പ്രത്യേക കന്നുകുട്ടി പരിപാലനം

എസ് 00102/21 (സ്പിൽ ഓവർ)

അടങ്കൽ - 125000/- (വികസന ഫണ്ട്) + 125000/- (മറ്റുള്ളവ)

ചെലവ്- 125000/- (ബിൽ നം. 1/2020-21, തീയതി-24.02.2021)

ടി പ്രോജക്റ്റ് പ്രകാരം 125000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസറുടെ അക്കൌണ്ടിലേയ്ക്ക് മാറി നല്കിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

II.പ്രത്യേക കന്നുകുട്ടി പരിപാലനം

എസ് 078/21, അടങ്കൽ - 125000/- (വികസന ഫണ്ട്) + 125000/- (മറ്റുള്ളവ)

ചെലവ്- 125000/- (ബിൽ നം. /2020-21, തീയതി-16.03.2021)

ടി പ്രോജക്റ്റ് പ്രകാരം 125000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസറുടെ അക്കൌണ്ടിലേയ്ക്ക് മാറി നല്കിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/13.05.2022) ന് ലഭ്യമാക്കിയ മറുപടിയിൽ ബഹുവർഷ പദ്ധതിയായതിനാൽ പദ്ധതി പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രോജക്ടുകളുടെ ധനവിനിയോഗ സാക്ഷ്യപ്പത്രം നല്കേണ്ടത് അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, ആലപ്പുഴയാണെന്നും വിനിയോഗ സാക്ഷ്യപ്പത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്നുമാണ്. ആയതിനാൽ, ചെലവ് തുക 2,50,000/- രൂപ (1,25,000/- രൂപ + 1,25,000/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ബ്ലഡ് ഗ്രൂപ്പ് ഡയറക്ടറി-ഒരു നൂതന ആശയം

ഹൃദയസ്പർശം - ബ്ലഡ് ഗ്രൂപ്പ് ഡയറക്ടറി

ഗ്രാമ പഞ്ചായത്തിലെ എല്ലാവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധം ഹൃദയസ്പർശം - എന്നപേരിൽ ഒരു ബ്ലഡ് ഗ്രൂപ്പ് ഡയറക്ടറി ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി വർഷത്തിൽ ഗ്രാമപഞ്ചായത്ത് പുറത്തിറക്കി. പഞ്ചായത്ത് നടത്തിയ ശുചിത്വ സർവ്വേയുടെ ഭാഗമായി ഓരോ കുടുംബത്തിലേയും അംഗങ്ങളുടെ രക്തഗ്രൂപ്പ് ശേഖരിക്കുകയും അത് ക്രോഡീകരിച്ച് നാടിനാകെ മാതൃകയാകുന്നവിധം ഡയറക്ടറി തയ്യാറാക്കുകയും ചെയ്ത പഞ്ചായത്തിന്റെ പ്രവർത്തനം അഭിനന്ദനാർഹമാണ്. ഏകദേശം പന്ത്രണ്ടായിരത്തോളം വ്യക്തികളുടെ ബ്ലഡ് ഗ്രൂപ്പുകളും അവരുടെ ഫോൺ നമ്പരും ഉൾപ്പെടുത്തിയാണ് ഡയറക്ടറി തയ്യാറാക്കിയിട്ടുള്ളത്. രക്തം ആവശ്യമായി വരുന്ന അടിയന്തിര ഘട്ടങ്ങളിൽ സമൂഹമാധ്യമങ്ങളിലൂടെയാണ് പലപ്പോഴും ദാതാക്കളെ അന്വേഷിക്കുന്നത്. അനയോജ്യരായ രക്ത ദാതാക്കളെ കണ്ടെത്തുന്നത് ശ്രമകരവും കാലതാമസമുണ്ടാക്കുന്നതുമായ വർത്തമാന കാലഘട്ടത്തിൽ ഗ്രാമത്തിനാകെ പ്രയോജനപ്പെടുന്ന ഇത്തരം പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

## 1-25 തൊഴിലുറപ്പ്- കരാർ ജീവനക്കാരുടെ സേവന പുസ്തകം കാലികമാക്കി സൂക്ഷിക്കുന്നില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ നിലവിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന താഴെപറയുന്ന ജീവനക്കാരുടെ സേവന പുസ്തകം കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ലിത.എസ്.കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 2 | സന്ധ്യ.ആർ | ഓവർസീയർ |
| 3 | പ്രീതിമോൾ | ഓവർസീയർ |
| 4 | അരുൺ | ഐ.ടി. അസിസ്റ്റന്റ് |

കരാർ ജീവനക്കാർക്ക് സേവനപുസ്തകം ആരംഭിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28.6.2014ലെ 7371/14നമ്പർ സർക്കുലറിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ മേൽ സർക്കുലറിന്റേയും 12.5.2014ലെ G.O(p) 324/04/FIN ഉത്തരവിന്റെയും അടിസ്ഥാനത്തിൽ മേൽ ജീവനക്കാരുടെ സേവനപുസ്തകങ്ങൾ കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 കേരളാ വാട്ടർ അതോറിറ്റിയ്ക്ക് വെള്ളക്കരം കുടിശിക നല്കൽ

പ്രോജക്റ്റ് നം. - 72/21

അടങ്കൽ- 10,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- *10,00,000/-* (ബിൽ നം. 19/2020-21, തീയതി-30.10.2020)

ടി പ്രോജക്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുള്ള വാട്ടർ അതോറിറ്റിയുടെ ബില്ല് (11/2020) പ്രകാരം മുൻബാക്കി ഇനത്തിൽ

25,31537/-രൂപയും ഫൈൻ ഇനത്തിൽ 49,272/- രൂപയും നിലവിൽ ഗ്രാമപഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന 571 പൊതുടാപ്പുകൾക്ക് പ്രതിമാസം ഒടുക്കേണ്ട വെള്ളക്കരം തുകയായ 2,49,813/- രൂപയും ചേർത്ത് 28,30,622/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കേണ്ടതുണ്ട്. ടി പ്രോജക്റ്റ് പ്രകാരം, 10,00,000/- രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ, നിലവിലെ (03/2022) ബിൽ പരിശോധിച്ചതിൽ, മുൻബാക്കി ഇനത്തിൽ 23,93,439/- രൂപയും തൻമാസത്തെ ഫൈൻ തുകയായി 49,272/-രൂപയും ആണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളത്. 2019-20 ൽ സെക്രട്ടറി നടപ്പിലാക്കിയ ഇതേ പേരിലുള്ള പ്രോജക്റ്റ് പ്രകാരം 20,14,526/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ചെലവഴിച്ചിട്ടുണ്ട്. കുടിശ്ശിക ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കുവാനും കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഏറ്റവും അവസാനം ജോയിന്റ് വേരിഫിക്കേഷൻ നടത്തിയത് സംബന്ധിച്ച ഫയൽ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/13.05.2022) ലഭ്യമാക്കിയ മറുപടിയിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ജോയിന്റ് വേരിഫിക്കേഷൻ നടത്തിയ രേഖയിൽ ആകെയുള്ള 17 വാർഡുകളിൽ 15വാർഡുകളിൽ (8, 16 വാർഡുകളിൽ ജോയിന്റ് വേരിഫിക്കേഷൻ നടന്നിട്ടില്ല) മാത്രമാണ് നടത്തിയിട്ടുള്ളത്. ആകെ 417 വാട്ടർ ടാപ്പുകൾ പരിശോധന നടത്തിയതിൽ 66 എണ്ണം മാത്രമാണ് നിലനിർത്തേണ്ടത് എന്നാണ് ജോയിന്റ് വേരിഫിക്കേഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 571 ടാപ്പിനും വെള്ളക്കരമിനത്തിൽ തുക ഒടുക്കി വരുന്നു. ഇത്തരത്തിൽ കുടിശിക ഇനത്തിലും ഫൈൻ ഇനത്തിലും പഞ്ചായത്തിന് വൻ ബാധ്യത വന്നുകൊണ്ടിരിക്കുന്നു. ആയതിനാൽ, അടിയന്തരമായി കമ്മറ്റിയിൽ ടി വിഷയം ചർച്ച ചെയ്ത് കുടിശിക ഒഴിവാക്കുവാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണം

ഗ്രാമ പഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് ക്ലീൻ കേരള മിഷന് കൈമാറുന്ന പ്രവൃത്തി കൃത്യമായി നടന്നുവരുന്നു. ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിൽ നിന്നും പ്ലാസ്റ്റിക്ക് സമാഹരിക്കുന്നതിന് 28 അംഗങ്ങളുള്ള ഹരിതകർമ്മസേന പ്രവർത്തിച്ചുവരുന്നു. ഓരോ വീടുകളിലും ഹരിതകർമ്മസേനാംഗങ്ങൾ പ്ലാസ്റ്റിക്ക് ശേഖരണത്തിന് എത്തുന്ന ദിവസം മുൻകൂറായി കലണ്ടർ തയ്യാറാക്കി എല്ലാ വീടുകളിലും എത്തിക്കുകയും അതിനനുസരിച്ച് പ്രവർത്തനം നടത്തിവരുകയും ചെയ്യുന്നു. ആയതിന് പ്രത്യേകം യൂസർ ഫീസ് പിരിക്കുകയും പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച് ആയത് ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി ചെലവഴിച്ചുവരുന്നു. ഇത്തരത്തിൽ പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ ഭീഷണി കുറയ്ക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നു.

## 1-28 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ്

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപറയുന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2112-1, 2016-1 എന്നിവ പ്രകാരം ഫൈൻ ഈടാക്കിയെങ്കിലും കരാർ തുകയെ അടിസ്ഥാനപ്പെടുത്തിയല്ലാതെ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഫൈൻ കണക്കാക്കിയതിനാൽ നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ചു നൽകുകയോ ചെയ്തിട്ടില്ല.

<table>
<tr><th>ക്രമ നമ്പർ</th><th>പ്രോജക്ട്</th><th>കരാറുകാരൻ/ പി.എ.സി</th><th>എഗ്രിമെന്റ് തിയതി, കാലയളവ്</th><th>എഗ്രിമെന്റ് പ്രകാരം പൂർത്തി യാക്കേണ്ട തിയതി</th><th>പൂർത്തി യാക്കിയ തിയതി</th><th>കാല താമസം</th><th colspan="2">ഈടാക്കേണ്ട ഫൈൻ</th><th>ഈടാ ക്കിയ ഫൈൻ</th><th>കുറവ്</th><th>ബിൽ നമ്പർ</th></tr>
<tr><td>1</td><td>72/20 (108/21) ബഡ്സ് സ്കൂൾ പൂർത്തീകരണം</td><td>വി.എസ്. സാബു 768705/-</td><td>19.9.2019 6മാസം</td><td>18.3.20</td><td>4.6.20</td><td>3മാസം</td><td colspan="2">7687</td><td>7023</td><td>664</td><td>13/ 4.9.20 786620/-</td></tr>
<tr><td rowspan="3">2.</td><td rowspan="3">136/21 വാർഡ് 11ലെ വിവിധ റോഡുകളുടെ ടാറിംഗ്</td><td rowspan="3">ഷൈജു. എസ് 669277/-</td><td rowspan="3">10.1.20 45ദിവസം</td><td rowspan="3">24.2.20</td><td rowspan="3">10.8.20</td><td rowspan="3">5മാസം, 16ദിവസം</td><td>24.5.20 വരെ</td><td>6692</td><td rowspan="3">5644</td><td rowspan="3">12350</td><td rowspan="3">17/ 10.11.20 632100/-</td></tr>
<tr><td>10.8.20 വരെ 76ദിവസം 2%</td><td>11302</td></tr>
<tr><td>ആകെ</td><td>17994</td></tr>
</table>

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/17.5.22) മറുപടി ലഭ്യമാക്കിയില്ല. ഫൈൻ ഈടാക്കിയതിൽ കുറവ് വന്ന 13014/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-29 ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്ത് തുക പിൻവലിച്ചതിനാൽ ജി.എസ്.ടി യിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തേണ്ട തുക സാമ്പത്തിക വർഷാവസാനം ലാപ്സായി

പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്ത് തുക പിൻവലിച്ചതിനാൽ ജി.എസ്.ടി യിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തേണ്ട തുക

സാമ്പത്തിക വർഷാവസാനം ലാപ്സായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/പേര് | ഫണ്ടി നം. | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ജി.എസ്.ടി ഉൾപ്പെടെ ബില്ലിൽ കുറവ് ചെയ്ത തുക | ജി.എസ്.ടി. ഇനത്തിൽ നഷ്ടമായ തുക | ബിൽ നമ്പർ |
|---|---|---|---|---|---|---|
| 1 | 105/21 നാലുപുരയ്ക്കൽ ക്ഷേത്രം റോഡ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15 ബാരൽ | 4425 | 675 | 6/13.5.20 710619/- |
| 2 | 136/21 വാർഡ് 11ലെ വിവിധ റോഡുകളുടെ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 20 ബാരൽ | 5900 | 900 | 17/10.11.20 632100/- |
| 3 | വിവധ റോഡുകളുടെ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 19 ബാരൽ | 5605 | 817 | 35/9.3.21 711055/- |
| | ആകെ | | | | 2392/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/17.5.22) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി. ഇനത്തിൽ നഷ്ടമായ 2392/-രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-30 എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ-കൺസോളിഡേഷൻ കുറവ് ചെയ്തില്ല

പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവ്യത്തികളിൽ എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ (യൂസിംഗ് മെറ്റീരിയൽ ഒബ്റ്റെയ്ൻഡ് ഫ്രം ബോറോപിറ്റ്സ്) നടത്തിയതിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്യാതിരു ന്നതുമൂലം അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവ്യത്തിയുടെ പേര്/ | കരാറുകാരൻ | എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ നടത്തിയഅളവ്/അളവു പുസ്തകം | അനുവദനീയമായ അളവ്/ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | 125/21, വാർഡ് 15ലെ തീരദേശ റോഡ് കോൺക്രീറ്റിംഗ് | ഷൈജു.എസ് | $36.068m^3$ @$1083.84/m^3$ =39091/- 194/19-20 | $32.461m^3$ @ $1083.84/m^3$ =35183/- | 3908/- | ബിൽ നം 9/28.5.20, 740338/- |
| | | | 12% GST | | 469 | |
| | | | ആകെ | | 4377/- | |
| 2 | 132/21വാർഡ് 8ൽ വിവിധ റോഡ് കോൺക്രീറ്റിംഗ് (വേലുമുട്ടം റോഡ്) | മുഹമ്മദ് ഹസ്സൻ | $16.533m^3$ @$1080/m^3$ =17856/- 411/20-21 | $14.88m^3$ @ $1080/m^3$ =16070/- | 1786/- | ബിൽ നം 22/21.1.21, 441382/ 51/31.3.21, 51941/- |
| | | | 12% GST | | 214/- | |
| | | | ആകെ | | 2000/- | |
| 3 | 50/21 വാർഡ് 8ൽ വിവിധ റോഡ് കോൺക്രീറ്റിംഗ് | സുനിൽ.എം | $27.042m^3$@$1012.19/m^3$ =27371/- 421/21 | $24.34m^3$ @$1012.19/m^3$ =24637 | 2734/- | 38/19.3.21 481777/- |
| | | | 12% GST | | 328 | |
| | | | ആകെ | | 3062/- | |
| 4 | 65/21 വാർഡ് 16ൽ വിവിധ റോഡ് കോൺക്രീറ്റിംഗ് | ഷിജാർ.എം | $5.58m^3$ @$1083/m^3$= 6043/- | 5.02m3 @$1083/m^3$ = 5437/- | 606 | 25/1.2.21 683696 |
| | | | 12% GST | | 73 | |
| | | | ആകെ | | 679 | |

മേൽ സൂചിപ്പിച്ചതിൽ ക്രമ നമ്പർ 2ൽപ്പെട്ട കുറവൻതോട് പി.ഡബ്ല്യൂ.ഡി റോഡിൽ ഒന്നാമിനമായി എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ യൂസിംഗ് മെറ്റീരിയൽ ഒബ്റ്റെയ്ൻഡ് ഫ്രം ബോറോപിറ്റ്സ് $9.525m^3$ ചെയ്തതിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്ത് $8.5725m^3$നാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (11/17.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചവിധം അധികം നൽകിയ 10118/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 നെഗോഷ്യേറ്റ് ചെയ്ത നിരക്ക് പരിഗണിക്കാതെ മൂല്യനിർണ്ണയം നടത്തി.

പ്രോജക്ട് നമ്പർ 58/20

വാർഡ് 6 ൽ വിവിധ റോഡുകളുടെ കോൺക്രീറ്റിംഗ്

അടങ്കൽ-750000/-

കരാറുകാരൻ- RAMS എഞ്ചിനീർസ് & സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്

പി.എ.സി-665210, ആകെ മൂല്യം-660397, ബിൽ നമ്പർ- 14/23.10.20

വാർഡ് 6ൽ വിവിധ റോഡുകളുടെ കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് വിത്തൗട്ട് ഫോംവർക്ക് എന്നയിനത്തിന് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്ന നിരക്ക് 8402/$m^3$എന്നതായിരുന്നു. ആയത് കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്ത് 8168/$m^3$ എന്ന നിരക്കിൽ ഉറപ്പിച്ചിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ പ്രൈസ് ഷെഡ്യൂളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയപ്പോൾ ഈ നിരക്ക് പരിഗണിക്കാതിരു ന്നതുമൂലം അധികചെലവുണ്ടായിട്ടുള്ളതായി കാണുന്നു. അളവ് പുസ്തകം പുറം219/19-20ൽ 5-ാം ഇനമായി 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് വിത്തൗട്ട് ഫോംവർക്ക് എന്നയിനം 8.645$m^3$ ചെയ്തത് 8.258$m^3$ൽ പരിമിതപ്പെടുത്തി 8402/$m^3$നിരക്കിൽ മൂല്യനിർണ്ണയം നടത്തി 69384/-രൂപ നൽകിയിട്ടുണ്ട്. കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്ത നിരക്കിൽ മൂല്യനിർണ്ണയം നടത്തിയാൽ അനുവദിക്കാവുന്ന തുക 8.258$m^3$ X8168/$m^3$ = 67451/- ഈയിനത്തിന് അധികം നൽകിയതുക 69384-67451 =1933 + 23 (12% ജി.എസ്.ടി),ആകെ അധികം നൽകിയ 2165/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/17.5.22) മറുപടി ലഭ്യമാക്കിയില്ല.

## 1-32 നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ സെലക്ഷൻ നോട്ടീസ് പ്രകാരം എഗ്രിമെന്റ് വെക്കേണ്ട തിയതി പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ ഫൈനില്ലാതെ 4.11.2019 ദീർഘിപ്പിച്ചു നൽകിയതായി അസിസ്റ്റന്റ് എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിശ്ചിത തിയതിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ/ പി.എ.സി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതി | നോട്ടീസ് പ്രകാരം എഗ്രിമെന്റ് വെക്കേണ്ട തിയതി | എഗ്രിമെന്റ് വെച്ച തിയതി | ബിൽ നമ്പർ- | ഈടാക്കിയ ഫൈൻ | ഈടാ ക്കേണ്ട ഫൈൻ | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | 132/21 വാർഡ് 8ൽ വിവിധ റോഡ് കോൺക്രീറ്റിംഗ് (വേലുമുട്ടം റോഡ്) | മുഹമ്മദ് ഹസ്സൻ, 668267.53 | 18.9.2019 | 04.11.2019 | 15.11.19 (26/AE /19-20) | 22/21.1.21 441382/-, 51/31.3.21, 51941/- | 3940 | 6683 | 2743/- |

മേൽ സൂചിപ്പിച്ചവിധം നിമാനുസൃത കാലയളവിനുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കറവ് വന്ന 2743/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/17.5.22) മറുപടി ലഭ്യമാക്കിയില്ല.

## 1-33 വാർഡ് 2-ൽ ജ്യോതി നികേതൻ സ്കൂളിന് തെക്ക് വശം മുതൽ തെക്കോട്ട് നാലുപുരയ്ക്കൽ ക്ഷേത്രം വരെ റോഡും ഡ്രെയിനേജ് നിർമ്മാണവും

പ്രോജക്ട് നമ്പർ-10/21

കരാറുകാരൻ- വി.എസ്.സാബു

അടങ്കൽ 516411/-, ആകെ മൂല്യം- 473202/- ബിൽ നമ്പർ 44.27.3.21

ഫയൽ പരിശോധിച്ചതിൽ 45മീറ്റർ നീളത്തിൽ 0.90മീറ്റർ വീതിയിൽ ഡ്രെയിനേജ് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ അളവ് പുസ്തകം 432/21 പുറം 1പ്രകാരം താഴെ പറയുന്ന അളവിൽ എസ്കവേഷനും പി.സി.സിയും ചെയ്തിട്ടുണ്ട്.

എസ്കവേഷൻ-44.70x0.80 (0.70+0.40/2) = 19.668m3

| ഇനം | അളവ് |
|---|---|
| പി.സി.സി | 30x0.80x0.10 = 2.40 |
| | 14.70x0.80x0.10= 1.176 |

| | |
|---|---|
| ആകെ | 3.576m3 |

ഇതിൽ നിന്നും 44.70മീറ്റർ നീളത്തിൽ മാത്രമാണ് കാന നിർമ്മിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നു. എന്നാൽ അഞ്ചാമിനമായി കവറിംഗ് സ്ലാബ് വിവിധ അളവുകളിലായി 48.16മീറ്റർ നീളത്തിൽ ചുവടെ ചേർക്കുംവിധം ചെയ്തിട്ടുള്ളതായി കാണുന്നു.

48.16x0.80x0.15 = 5.7792$m^3$ ഇതോടൊപ്പം 0.036m3 സൂട്ട് നിർമ്മിച്ചതുൾപ്പെടെ 5.816m3ന് 8896.25/m3നിരക്കിൽ 51740.59രൂപ അനുവദിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ചവിധം കാന നിർമ്മിച്ചതിനേക്കാൾ കൂടുതൽ നീളത്തിൽ കവറിംഗ് സ്ലാബ് നിർമ്മിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/17.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചവിധം കവറിംഗ് സ്ലാബ് ചെയ്യാവുന്ന നീളം 44.7x0.80x0.15 = 5.364$m^3$ + 0.036$m^3$ (സൂട്ട്), ആകെ 5.4$m^3$ മാത്രമാണ്. ഇത് പ്രകാരം അനുവദനീയമായ തുക 48040/- അനുവദിച്ചതുക 51741/-, അധികം 3701+ 444 (12% ജി.എസ്.ടി), ആകെ അധികം നൽകിയ 4145/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-34 കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം -ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ 92/21

ആർദ്രം പദ്ധതി രണ്ടാംഘട്ടം.

പുന്നപ്രതെക്ക് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പി.എച്ച്.സി ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തും ജില്ലാപഞ്ചായത്തും നാഷണൽ ഹെൽത്ത് മിഷനും സംയുക്തമായി വിഹിതം വകയിരുത്തിയ പ്രോജക്ടാണിത്. പദ്ധതിയുടെ ഡി.പി.ആർ അനുസരിച്ച് ആകെ എസ്റ്റിമേറ്റ് തുക 34.60ലക്ഷം രൂപയാണ്. ഈ പദ്ധതിക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ബിൽ നമ്പർ 41/27.3.21പ്രകാരം 10,00,000/-രൂപ എൻ.എച്ച്.എമ്മിന് കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ കൈപ്പറ്റ് രസീത്, വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/17.5.22) മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രസീത് ലഭ്യമാക്കുന്നതിന് വിധേയമായി ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 സ്കൂളുകൾക്ക് പെയിന്റിംഗ്

പ്രോജക്ട് നമ്പർ-123/21 (111/20)

കരാറുകാരൻ- അനിൽകുമാർ.വൈ, സാകി കൺസൾട്ടൻസ്,കോൺട്രാക്ടേഴ്സ് & ട്രേഡിംഗ്

അടങ്കൽ 600000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്, ആകെ മൂല്യം- 592134/- ബിൽ നമ്പർ 30/1.2.21, 21/21.1.21

ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 211/19-20ലെ രേഖപ്പെടുത്തലനുസരിച്ച്പ്രവൃത്തിയുടെ ആകെ മൂല്യം 528691/-രൂപയും 12% ജി.എസ്.ടിയുൾപ്പെടെ ആകെമൂല്യം 592134/-രൂപയുമാണ്. ഫൈനൽ ബില്ലിൽ നിന്നും ആദായനികുതി 1% (5287) മാത്രമാണ് സ്രോതസ്സിൽ കുറവ് ചെയ്തിട്ടുള്ളത്. ഇൻകം ടാക്സ് സെക്ഷൻ 194Cപ്രകാരം വ്യക്തികളല്ലാത്ത കരാർസ്ഥാപനങ്ങളിൽ നിന്നും 2% നിരക്കിൽ വരുമാന നികുതി സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. 14.5.2020മുതൽ 31.3.21വരെ നിലവിലുണ്ടായിരുന്ന ടി.ഡി.എസ് നിരക്കായ 1.5%,(7930) തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതായിരുന്നു. മേൽ പ്രവൃത്തിക്ക് അനിൽകുമാർ.വൈ, സാകി കൺസൾട്ടൻസ്,കോൺട്രാക്ടേഴ്സ് & ട്രേഡിംഗ് എന്ന പേരിലാണ് മുദ്രപത്രം വാങ്ങിയിട്ടുള്ളതും കരാറിലേർപ്പെട്ടിട്ടുള്ളതും. ആയതിനാൽ മേൽ സൂചിപ്പിച്ചവിധം ആദായ നികുതി ഈടാക്കിയതിൽ കുറവ് വന്ന 2643/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/18.5.22) മറുപടി ലഭ്യമാക്കിയില്ല.

## 1-36 അംഗനവാടി പുനരുദ്ധാരണം- വാർഡ് 15

പ്രോജക്ട് നമ്പർ-27/21

കരാറുകാരൻ- വി.എസ്.സാബു,

ആകെ മൂല്യം- 375722/- ബിൽ നമ്പർ 37/19.3.21

അടങ്കൽ 500000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

ഫയൽ പരിശോധിച്ചതിൽ ജി.എസ്.ടിയില്ലാതെ എസ്റ്റിമേറ്റ് തുക 446094/-രൂപയും കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ള തുക 391415/-രൂപയുമാണ്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 15-ാം ഇനമായി സ്പെസിഫിക്കേഷൻ കോഡ് 50.6.2.3 അനുസരിച്ചുള്ള സോളിഡ് ബ്ലോക്ക് മേസണറി വിത്ത് പ്രീകാസ്റ്റ് സോളിഡ് ബ്ലോക്ക് 30x20x15 (Above Floor Two Level Upto Floor Five Level) എന്നയിനമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 6813.83/$m^3$ ആണ്. എന്നാൽ ഇതിൽനിന്നും 0.3% കുറച്ച് 6793.39/$m^3$എന്ന നിരക്കാണ് ഈയിനത്തിന് കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ളത്. അളവ് പുസ്തകം 500/21 പുറം 6 പ്രകാരം ഒരുനിലമാത്രമുള്ള അംഗനവാടിയുടെ പാരപ്പെറ്റ്, കോമ്പൗണ്ട് വാൾ ഗേറ്റ് പില്ലർ എന്നിവ സോളിഡ് ബ്ലോക്കുപയോഗിച്ച് ചെയ്തതിന്റെ അളവ് ചുവടെ ചേർക്കുന്നു.

| സോളിഡ് ബ്ലോക്ക് മേസണറി | അളവ് |
|---|---|
| പാരപ്പെറ്റ് | 5.32x0.10x0.60 = 0.319 |
| | 2.26x0.10x0.60 = 0.136 |
| | 3.34x0.10x0.60 = 0.200 |

| | |
|---|---|
| | 2.65x0.10x0.60 = 0.159 |
| പില്ലർ | 7x0.10x0.3x0.60 =0.126 |
| | 1x0.60x0.1x0.4 =0.024 |
| മാൻഹോൾ | 2x0.45x0.1x0.6 =0.054 |
| | 1x0.5x0.1x0.6 = 0.03 |
| ആകെ | 1.048$m^3$ |
| കോമ്പൗണ്ട് വാൾ | 1x10x0.15x1.50 =2.25 |
| പില്ലർ | 2x0.3x0.15x1.50 =0.135 |
| ഗേറ്റ് പില്ലർ | 2x0.3x0.15x1.80 =0.162 |
| ഡിഡക്ഷൻ ഗേറ്റ് | -1x2.1x0.15x1.50 =-0.473 |
| | 1x1.35x0.15x1.5 =0.304 |
| | 1x0.8x0.15x1.5 =0.180 |
| | 1x4.45x0.15x1.5 = 1.001 |
| പില്ലർ വെസ്റ്റ് | 1x2x0.3x0.15x1.5 = 0.135 |
| എക്സ്ട്രാ ഹൈറ്റ് | 1x5.75x0.2x0.1 = 0.115, ആകെ 4.775 |
| ആകെ | 5.782$m^3$ |

മേൽ സൂചിപ്പിച്ചയിനത്തിന് സ്പെസിഫിക്കേഷൻ 50.6.2.2പ്രകാരം സോളിഡ് ബ്ലോക്ക് മേസണറി വിത്ത് പ്രീകാസ്റ്റ് സോളിഡ് ബ്ലോക്ക് 30x20x15 (Upto Floor Two Level) അനുവദനീയമായ നിരക്ക് 6095.56/$m^3$ ആണ്. ഇതിൻനിന്നും കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ള വിധം ആനുപാതികമായ കുറവ് (0.3%) വരുത്തിയാൽ ഈയിനത്തിന് അനുവദിക്കാവുന്ന നിരക്ക് 6077.27/$m^3$ ആണ്. എന്നാൽ ഇതിന് വിരുദ്ധമായി ഉയർന്ന നിരക്ക് നൽകിയിട്ടുള്ളത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/18.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചവിധം ഈയിനത്തിന് അനുവദിക്കാവുന്ന തുക ചുവടെ ചേർക്കുന്നു.

| അനുവദിച്ച നിരക്ക് | തുക | അനുവദനീയമായ നിരക്ക് | തുക | അധികം |
|---|---|---|---|---|
| 5.782$m^3$x6793.39/$m^3$ | 39279/- | 5.782$m^3$x 6077.27/$m^3$ | 35139/- | 4140+497 (12%ജി.എസ്.ടി) = 4637 |

മേൽ സൂചിപ്പിച്ചവിധം ആകെ അധികം നൽകിയ 4637/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-37 തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

2020-21ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭ്രവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, വാങ്ങിയ കയർഭ്രവസ്ത്രത്തിന്റെ അതേ വിസ്തൃതിയിൽ തന്നെ പ്രവർത്തി ചെയ്തതായി രേഖപ്പെടുത്തി അധികം തുക ചെലവഴിച്ചതായി കാണുന്നു.

കയർഭ്രവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭ്രവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭ്രവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തി യിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭ്രവസ്ത്രം വ്യത്യസ്ത വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭ്രവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭ്രവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭ്രവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. ഇപ്രകാരം കയർ ഭ്രവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.നം.80.8.63ൽ, ച.മീറ്ററിന് 71.586 രൂപ നിരക്കിൽ നല്കിയതിന്റെവിശദാംശം ചുവടെ ചേർക്കുന്നു.

1. വാർഡ് 6-ൽ പുതുവൽ പാലം മുതൽ ആനക്കണ്ടം വരെ തോടിന് ആഴം കൂട്ടി കയർഭ്രവസ്ത്രം വിരിക്കൽ-

വർക്ക് കോഡ്- A/FP/363809

M-book No.- 362/19-20

FTO- No.-1)189105/24-07-20, 432375/-

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭ്രവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/1390, 3.7.20 | 1200m$^2$ |
| | ഇൻവോയ്സ് -CC/IG /459,30.6.19 | 600m$^2$ |
| കയർഭ്രവസ്ത്രം വാങ്ങിയതായി അളവുപുസ്തകം പേജ് 12 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | | 1800m$^2$ |
| പേജ് 12ൽ കയർഭ്രവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും. | | 1800m2, 128854/-രൂപ (1800 X 71.586/m$^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | | 1714m$^2$ (1800/1.05) X 71.586/m$^2$ = 122698/- രൂപ |
| അധികം നൽകിയത്. | | 128854 - 122698 = 6156/-രൂപ |

2. വാർഡ് 6-ൽ ഏഴരയിൽ മുതൽ കുറ്റമഠം വരെ തോടിന് ആഴം കൂട്ടി കയർഭ്രവസ്ത്രം വിരിക്കൽ-

വർക്ക് കോഡ്- 361680

M-book No.- 362/19-20

FTO- No.-865521/8-3-21, 348715/-

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭ്രവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/475, 15.6.19 | 300m$^2$ |
| | ഇൻവോയ്സ് -CC/IG /476,15.6.19 | 200m$^2$ |
| | ഇൻവോയ്സ് -CC/IG/1091, 26.6.20 | 100m$^2$ |
| | ഇൻവോയ്സ് -CC/IG/488 ,15.6.19 | 200m$^2$ |
| | | |
| പേജ് 16ൽ ഉപയോഗിച്ച കയർഭ്രവസ്ത്രത്തിന്റെ അളവ് | | 800m$^2$ |
| | | |
| പേജ് 17ൽ കയർഭ്രവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | | 800m$^2$, 57269/-രൂപ (800 X 71.586/m$^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | | 762m$^2$ (800/1.05) X |

| | |
|---|---|
| | 71.586/m2 = 54549/- രൂപ |
| അധികം നൽകിയത്. | 57269 - 54549= 2720/-രൂപ |

3. 4 -ാംവാർഡിൽ സുനിലിന്റെ വീട് മുതൽ നന്ദികാട് ചന്ദ്രികയുടെ വീട് വരെ തോടിന് ആഴം കൂട്ടി കയർഭ്രവസ്തം വിരിക്കൽ-

വർക്ക് കോഡ്- 361742

M-book No.- 363/19-20

FTO- No.-1)175727/17-07-20, 326565/-

| | |
|---|---|
| കയർഭ്രവസ്തം വാങ്ങി സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകം പേജ് 3 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | 1500m2 |
| പേജ് 5ൽ കയർഭ്രവസ്തം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | 1500m2, 107379/-രൂപ (1500 X 71.586/m2) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | 1429m2 (1500/1.05) X 71.586/m2 = 102296/- രൂപ |
| അധികം നൽകിയത്. | 107379 - 102296 = 5083/-രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/18.5.22) ലഭ്യമാക്കിയ മറുപടിയിൽ കയർഭ്രവസ്തം വിരിക്കേണ്ട വീതിക്കനുസരിച്ച് കട്ട് ചെയ്ത് ഒരു പീസ് മുളയാണിയടിച്ച് ഉറപ്പിച്ചശേഷം അടുത്ത പീസ് ഇതിന് പുറമേ ഓവർലാപ് ചെയ്ത് വരത്തക്ക വിധംവെച്ച് ഉറപ്പിക്കുന്ന തിനാൽ കയർ ഭ്രവസ്തത്തിന്റെ മുഴുവൻ നീളത്തിലും വിരിക്കുന്നതിനാവശ്യമായ തൊഴിൽ ദിനങ്ങൾ വേണ്ടിവരുമെന്നുമാണ്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കാരണം കയർ ഭ്രവസ്തം ആവശ്യമായ അളവിൽ കട്ട് ചെയ്ത് ഓവർലാപ് ചെയ്ത് വിരിച്ച് മുളയാണിയടിച്ചുറപ്പിക്കുന്നതിനുള്ള മനുഷ്യദിനങ്ങൾ (മെറ്റീരിയലുൾപ്പെടെ) കണക്കാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും നിരക്ക് നിർണ്ണയിച്ചിട്ടുള്ളതും. ആയതിനാൽ മേൽ പ്രവൃത്തിയിൽ ആകെ അധികം ചെലവഴിച്ച 13959/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-38 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക്

1. ഒരു വാർഡിൽ 10 സന്നദ്ധ പ്രവർത്തകർ വീതം 17 വാർഡുകളിലായി 170 പേർ പ്രവർത്തിച്ചിരുന്നു. പോസിറ്റീവ് ആയവരുടേയും ക്വാറന്റീനിൽ കഴിയുന്നവരുടേയും വീട്ടുകളിൽ എല്ലാ ദിവസവും എത്തിച്ചേർന്ന്, അവർക്കാവശ്യമായ മരുന്ന്, ഭക്ഷണം എന്നിവ എത്തിക്കുകയും, ക്ലീനിംഗ് ജോലികളും ഇവർ ചെയ്തുവന്നിരുന്നു. സന്നദ്ധപ്രവർത്തകർക്ക് ആവശ്യമായ PPEകിറ്റ്, സാനിറ്റൈസർ, മാസ്ക് എന്നിവയും, സ്പ്രെയർ യൂണീറ്റും ബ്ലീച്ച് സൊലൂഷനും എല്ലാവാർഡുകളിലും ലഭ്യമാക്കിയിട്ടുണ്ട്. ടെസ്റ്റ് പോസിറ്റീവ് ആയി ചികിത്സയിലിരിക്കെ മരണമടയുന്നവരുടെ(18) ശവസംസ്കാരം നടത്തുന്നതും ഈ വോളൻറിയർമാർ തന്നെയാണ്. കൂടാതെ, എല്ലാവാർഡുകളിലും വിവിധ സന്നദ്ധസംഘടനകളും റെസിഡൻസ് അസോസിയേഷനും, യുവജന സംഘടനകളും ഇതോടൊപ്പം നിന്നു പ്രവർത്തിച്ചുവരുന്നു. പുന്നപ്ര പോലീസ് സ്റ്റേഷൻ അധികാരികളുടെ സേവനവും ലഭിച്ചു.

ഒരോ വാർഡിലും 50 വീടുകൾ ഉൾപ്പെടുന്ന ക്ലസ്റ്ററുകൾ രൂപീകരിച്ചു. ഒരോ ക്ലസ്റ്ററിലും 2പേർ അടങ്ങുന്ന സ്ക്വാഡ് രൂപികരിച്ചു. ഒരോ ദിവസവും ഒന്നിലധികം വാർഡുകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജനകീയ സ്ക്വാഡുകൾ വീടുകൾ സന്ദർശിച്ചു. തെർമ്മൽ സ്കാനർ(40), പൾസ് ഓക്സിമീറ്റർ(92) എന്നിവയും ഓരോ വീടിനും ഒരു ഫോറം വീതവും നൽകി, അതിൽ എല്ലാ കുടുംബാംഗങ്ങളുടേയും വിവരങ്ങൾ എഴുതി ഓരോരുത്തരുടേയും ശരീരോഷ്മാവും പൾസും, ഓക്സിജൻ ലെവലും പരിശോധിച്ച് രേഖപ്പെടുത്തി അസ്വഭാവികത തോന്നിയ എല്ലാവരേയും അന്നേദിവസം തന്നെ ടെസ്റ്റിന് വിധേയരാക്കുകയാണ് ചെയ്തത്. ഓരോ വാർഡിലും നിശ്ചയിച്ചിട്ടുള്ള സ്ക്രീനിംഗിന് തലേദിവസം ആ വാർഡുകളിൽ സംഘാടകസമിതി യോഗം ചേർന്ന് പ്രവർത്തന മാർഗ്ഗരേഖ ചർച്ചചെയ്യുകയും സ്ക്രീനിംഗ് ദിവസം രാവിലെ ടീമംഗങ്ങൾക്ക് ആരോഗ്യവകുപ്പ് ജീവനക്കാർ പരിശീലനം നൽകുകയും ചെയ്തതിനു ശേഷമാണ് ഗൃഹസന്ദർശനം നടത്തിയത്. ടീമുകൾ റെഫർ ചെയ്യുന്നവരെ സമീപ സ്ഥലത്ത് സജ്ജമാക്കിയിട്ടുള്ള ടെസ്റ്റിംഗ് സെൻററിൽ പരിശോധിച്ചു. ഇപ്രകാരം നിരന്തരം നടത്തിയ ഇടപെടലുകളിലൂടെ ടെസ്റ്റ്പോസിറ്റിവിറ്റി 44 ശതമാനത്തിൽനിന്നും 1.9ശതമാനമാക്കികുറയ്ക്കുവാൻ പഞ്ചായത്തിന് സാധിച്ചു. 8776 വീട്ടുകളിൽ സ്ക്വാഡുകൾ സന്ദർശിച്ചാണ് ഈ ടെസ്റ്റ് പൂർത്തിയാക്കിയത്. ജനപ്രതിനിധികൾ ആശാവർക്കർമാർ, ആരോഗ്യപ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ,

ജാഗ്രതാസമിതിഅംഗങ്ങൾ മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവർ സ്ക്വാഡുകളുടെ ഭാഗമായി മാറി.

2. തനത് ഫണ്ടിൽ നിന്ന് 1300/-രൂപ ചെലവഴിച്ച് മൊബൈൽ ഫോൺ വാങ്ങി ഹെൽപ് ഡെസ്കിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. 24 മണിക്കൂറും സേവനം ലഭിക്കത്തക്കവിധത്തിൽ ഹെൽപ്പ് ഡെസ്കും പ്രവർത്തിച്ചുവന്നിരുന്നു. ഇതിന്റെ പ്രവർത്തനം പൂർണ്ണമായും അധ്യാപകരാണ് നടത്തിവന്നിരുന്നത്. ഹെൽപ്പ് ഡെസ്ക് നമ്പർ, കൂടാതെ ഗ്രാമപഞ്ചായത്ത് സ്റ്റിയറിംഗ് കമ്മറ്റി അംഗങ്ങളുടേയും, സെക്രട്ടറിയുടേയും മൊബൈൽ നമ്പർ ഹെൽപ്പ് ഡെസ്കിനായി വിനിയോഗിച്ചു.

3. മോണിറ്ററിംഗ് കമ്മിറ്റി

ഗ്രാമപഞ്ചായത്ത് സ്റ്റിയറിംഗ് കമ്മറ്റി അംഗങ്ങൾ പുന്നപ്ര തെക്ക് പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, നോഡൽ ഓഫീസർ, സെക്ടറൽ മജിസ്ട്രേറ്റ് എന്നിവരടങ്ങിയ മോണിറ്ററിംഗ് കമ്മറ്റിയാണ് കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. വാർഡ് മെമ്പർമാർ, ഗ്രാമപഞ്ചായത്ത് ജീവനക്കാർ, ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക്ക് ഹെൽത്ത് നേഴ്സ് എന്നിവർ വാർഡുതല പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു. പഞ്ചായത്തിൽ ആകെ 4 ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സമാരും 5 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും 26 ആശാപ്രവർത്തകരും 170 സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന സമിതികൾ വാർഡുതലപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

5. ഡൊമിസിലിയറി കെയർ സെൻറർ രൂപീകരിച്ച് ഭൗതീക സൗകര്യങ്ങൾ ഒരുക്കി. പ്രസിഡൻറിനെ ചെയർപേഴ്സണായി തെരഞ്ഞെടുത്തു. ഡി.സി.സിയിലേക്ക് ലഭിച്ച സാധനസാമഗ്രികളുടെ പ്രത്യേക കണക്ക് സൂക്ഷിച്ചിട്ടുണ്ട്. ദുരന്തനിവാരണ അതോറിറ്റിയിൽ നിന്ന് അഡ്വാൻസായി 150000/-രൂപ 2021-22 കാലയളവിൽ ലഭിച്ചിരുന്നു.

ഡൊമിസിലിയറി കെയർ സെൻറർ പ്രവർത്തനം 2021 മെയ് 23 ന് അമ്പലപ്പുഴ എം.എൽ.എ, എച്ച്.സലാം ഉദ്ഘാടനം ചെയ്ത് അരംഭിച്ചു. 24 മണിക്കൂറും സ്റ്റാഫിൻറേയും ആംബുലൻസിൻറേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇവിടേക്ക് ആവശ്യമായ ഭക്ഷണം പുന്നപ്ര തെക്ക് പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റായ "തൃപ്തി" യാണ് നൽകിവരുന്നത്. ഡി.സി.സി യുടെ നോഡൽ ഓഫീസർ ഗ്രാമപഞ്ചായത്ത് സൂപ്രണ്ട് ബിനു ആണ്. അധ്യാപകരുടെ നേതൃത്വത്തിൽ ഹെൽപ്പ് ഡെസ്കും ഇവിടെ പ്രവർത്തിച്ചുവരുന്നു.

6. കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചിരുന്നു. 97207 രൂപ വിനിയോഗിക്കുകയും ചെയ്തു.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡ് പോസിറ്റീവ് ആയവർക്കും , ക്വാറൻറീനിൽ ഇരിക്കുന്നവർക്കും എല്ലാവിധ ഗവ : മാർഗ്ഗരേഖകളും അനുസരിച്ച് വാർഡ് തലത്തിലും പുന്നപ്ര സെൻറ് ജോസഫ് പുവർ ഹോമിലും ഭക്ഷണം നൽകിയിട്ടുണ്ട്. ഭക്ഷണവിതരണം 09-05-21 മുതൽ ആരംഭിച്ചു.

7.കോവിഡ് സുരക്ഷാ സാമഗ്രികളുടെ വിതരണം

ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക പ്രോജക്ട് വഴി 1000 പി.പി.ഇ കിറ്റുകൾ, 10,000 3 ലെയർ മാസ്കുകൾ, 500 N95 മാസ്കുകൾ, 2700 പ്ലാസ്റ്റിക്ക് ഗ്ലൗസുകൾ, 2700 ലാറ്റക്സ് ഗ്ലൗസ്സുകൾ, 500 ഫെയ്സ് ഷീൽഡുകൾ, 300 ബോട്ടിൽ സാനിറ്റൈസർ, 700 ബോട്ടിൽ ഹാൻഡ് ക്ലെൻസർ, 40 തെർമ്മൽ സ്കാനറുകൾ, 92 പൾസ് ഓക്സീമീറ്ററുകൾ എന്നിവ വാങ്ങി 17 വാർഡുകൾക്കായി വിതരണം ചെയ്തു. 1000 ആൻറിജൻ ടെസ്റ്റ് കിറ്റുകളും വാങ്ങി മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം വിനിയോഗിച്ചു.

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും മാസ്ക്, സാനിറ്റൈസർ, ബ്ലാക്ക് ഗാർബേജ് ബാഗുകൾ തുടങ്ങിയവയും പ്രതിരോധപ്രവർത്തനങ്ങൾക്കായി ലഭ്യമാക്കി.

8. ഡി.ഡി.എം.എ യുടെ തീരുമാന പ്രകാരം എല്ലാ ദിവസവും ഗ്രാമ പഞ്ചായത്ത് ഓഫീസിൽ കോർ കമ്മറ്റി ചേർന്ന് ഓരോ ദിവസത്തേയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. പ്രസിഡൻറ്,സെക്രട്ടറി,നോഡൽ ഓഫീസർ,സെക്ടറൽ മജിസ്ട്രേറ്റ്,എഫ്.എച്ച്.സി. മെഡിക്കൽ ഓഫീസർആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ എന്നിവരാണ് കോർ കമ്മറ്റിയിൽ പങ്കെടുക്കുന്നത്.

വിവിധ വകുപ്പുകളിൽ നിന്ന് അധ്യാപകർ ഉൾപ്പടെയുള്ള 66 ജീവനക്കാർ ഗ്രാമപഞ്ചായത്തിൻറെ പ്രവർത്തനങ്ങളുമായി ചേർന്നുനിന്നു. ഹെൽപ്പ്ഡെസ്ക്,ഡി.സി.സി, വാർഡ് മോണിറ്ററിംഗ് കമ്മറ്റികൾ, എഫ്.എച്ച്.സി എന്നിവടങ്ങളിൽ ഇവർ നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി

1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള മൂലധനനിക്ഷേപത്തിന്റ അടിസ്ഥാനത്തിലായിരിക്കണം വാർഷിക ലൈസൻസ് ഫീസീടാക്കേണ്ടത്. 2020-21 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുള്ള താഴെകൊടുത്തിരിക്കുന്ന സ്ഥാപനത്തിന്റെ അപേക്ഷ പരിശോധിച്ചതുപ്രകാരം ഇവയോടൊപ്പം ഹാജരാക്കിയിട്ടുള്ള മറ്റ് വകുപ്പുകളുടെ ക്ലിയറൻസിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധനനിക്ഷേം അടിസ്ഥാനപ്പെടുത്തി ഈടാക്കാമായിരുന്ന പരമാവധി ലൈസൻസ് ഫീസിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് ഈടാക്കിയത്.

| ക്രമനം | സ്ഥാപനം/വിലാസം | മറ്റ് വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് | പട്ടിക II പ്രകാരം ഈടാക്കാവുന്ന ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | ഫിലിപ്പ് തോമസ്,മാനേജർ | PCB/ALP/UCO/21 | 15000/- | 10000/- രസീത് | 5000/- |

| | | | | | |
|---|---|---|---|---|---|
| | മിൽമ,10/407 | /076/.11.2019 പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-11 കോടി | | നം-119070500082/ 27.2.2020 | |

അപാകത പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(26/19.5.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ചട്ടങ്ങളിൽ നിഷ്കർഷിക്കുംപ്രകാരമുള്ള ഫീസീടാക്കി തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സബ്സിഡി അധികനിരക്കിൽ നൽകി

ഡയറി ഫാം ഇൻസ്പെക്ടർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ക്ഷീരസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപയുൾപ്പെടെയാണ് ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ (ഒരു വർഷം ഒരു കർഷകന് പരമാവധി 40000)കണക്കാക്കി അത്രയും തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകേണ്ടത്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയ രണ്ട് പ്രോജക്ടുകളിലും വികസനഫണ്ടിൽ നിന്നുതന്നെ 4 രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു

1)S0040/21 പാലിന് സബ്സിഡി

അടങ്കൽ -200000(വികസനഫണ്ട് സാധാരണ വിഹിതം)

ചെലവ്-

I)ബിൽ നം 2/20-21 തീയതി.26.8.2020-67629/-

Ii)ബിൽ നം 3/20-21 തീയതി.26.8.2020-47217/-

Iii)ബിൽ നം 4/20-21 തീയതി.5.2.2020-85154/-

| ബിൽ നം/ തീയതി | ക്ഷീരസംഘത്തിന്റെ പേര് | സംഘത്തിനു നൽകിയ തുക | വികസന ഫണ്ടിൽ നിന്നും നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 4/20-21 തീയതി.5.2.2020 | പുന്നപ്ര വെസ്റ്റ് | സെപ്റ്റംബർ മാസത്തെ പാലളവ് - 7826 @4=31304 | 7826@3=23478 | 7828/- |
| | പുന്നപ്ര | സെപ്റ്റംബർ മാസത്തെ പാലളവ് - 4162@4=16648 | 4162@3=12486 | 4162/- |
| ആകെ | | | | 11988/- |

1l)SO97/21-പാലിന് ഇൻസന്റീവ്

അടങ്കൽ -231019(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ്-41626/-

I)ബിൽ നം 1/20-21 തീയതി.12.5.2020-41626/-

| ക്ഷീരസംഘത്തിന്റെ പേര് | സംഘത്തിനു നൽകിയ തുക | വികസന ഫണ്ടിൽ നിന്നും നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| പുന്നപ്ര വെസ്റ്റ് ക്ഷീരോല്പാദക സഹകരണ സംഘം | 2184@4=8736 | 2184@3=6552 | 2184/- |
| പുന്നപ്രക്ഷീരോല്പാദക സഹകരണ സംഘം | 9309@3.533=32890 | 9309@3=27927 | 4963/- |

| | | | |
|---|---|---|---|
| ആകെ | | | 7147/- |

വികസനഫണ്ടിൽ നിന്നും അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.6/16.5.2022 നൽകിയതിന്, 2020-21 സാമ്പത്തിക വർഷത്തിൽ ക്ഷീരവികസന വകുപ്പിൽ നിന്നും ഫണ്ട് ലഭിക്കാത്തതിനാലാണ് വികസന ഫണ്ടിൽ നിന്ന് സബ്സിഡി നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. അധികമായി നൽകിയ(11948+7147)= 19195/-രൂപ തിരികെ ഒടുക്കി അറിയിക്കേണ്ടതാണ്.

## 3-2 ലൈഫ്-നിലവിൽ വീടുള്ളയാളുമായി കരാറിലേർപ്പെട്ട് മുൻകൂർ അനുവദിച്ചു

പ്രോജക്ട് നമ്പർ – 171/20
പേര് – ലൈഫ് (ഫിഷറീസ്)
ബിൽ നമ്പർ – 2/24.03/2021
തുക – 40000/-

ലൈഫ് -ഫിഷറീസ് പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിനായി ശ്രീ.റോബർട്ട് മൂത്തേടത്ത് എന്ന ഗുണഭോക്താവിന് 40000/- രൂപ മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ പേരിൽ അതേ വാർഡിൽ തന്നെ മറ്റൊരു വീട് നിലവിലുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം സ്വന്തമായി മറ്റൊരു വീട് ഉള്ളയാളുമായി കരാറിലേർപ്പെട്ട് മുൻകൂർ തുക അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/18.05.2022) കരാറിലേർപ്പെട്ട് മുൻകൂർ അനുവദിച്ച ശേഷമാണ് ടിയാൾക്ക് മറ്റൊരു വീടുണ്ടെന്ന കാര്യം കണ്ടെത്തിയതെന്നും തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാരം ക്രമവിരുദ്ധമായി അനുവദിച്ച 40,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-3 നെഗോഷ്യേറ്റ് ചെയ്ത നിരക്ക് പരിഗണിക്കാതെ മൂല്യനിർണ്ണയം നടത്തി.

പ്രോജക്ട് നമ്പർ 58/20

വാർഡ് 6ൽ വിവിധ റോഡുകളുടെ കോൺക്രീറ്റിംഗ്

അടങ്കൽ-750000/-

കരാറുകാരൻ- RAMS എഞ്ചിനീർസ് & സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്

പി.എ.സി-665210, ആകെ മൂല്യം-660397, ബിൽ നമ്പർ- 14/23.10.20

വാർഡ് 6ൽ വിവിധ റോഡുകളുടെ കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് വിത്തൗട്ട് ഫോംവർക്ക് എന്നയിനത്തിന് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്ന നിരക്ക് 8402/$m^3$എന്നതായിരുന്നു. ആയത് കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്ത് 8168/$m^3$ എന്ന നിരക്കിൽ ഉറപ്പിച്ചിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ പ്രൈസ് ഷെഡ്യൂളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയപ്പോൾ ഈ നിരക്ക് പരിഗണിക്കാതിരു ന്നതുമൂലം അധികചെലവുണ്ടായിട്ടുള്ളതായി കാണുന്നു. അളവ് പുസ്തകം പുറം219/19-20ൽ 5-ാം ഇനമായി 1:2:4അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് വിത്തൗട്ട് ഫോംവർക്ക് എന്നയിനം 8.645$m^3$ ചെയ്തത് 8.258$m^3$ൽ പരിമിതപ്പെടുത്തി 8402/$m^3$നിരക്കിൽ മൂല്യനിർണ്ണയം നടത്തി 69384/-രൂപ നൽകിയിട്ടുണ്ട്. കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്ത നിരക്കിൽ മൂല്യനിർണ്ണയം നടത്തിയാൽ അനുവദിക്കാവുന്ന തുക 8.258$m^3$ X8168/$m^3$ = 67451/- ഈയിനത്തിന് അധികം നൽകിയതുക 69384-67451 =1933 + 23 (12% ജി.എസ്.ടി),ആകെ അധികം നൽകിയ 2165/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/17.5.22) മറുപടി ലഭ്യമാക്കിയില്ല.

## 3-4 എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ- കൺസോളിഡേഷൻ കുറവ് ചെയ്തില്ല

പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ (യൂസിംഗ് മെറ്റീരിയൽ ഒബ്റ്റെയ്ൻഡ് ഫ്രെം ബോറോപിറ്റ്സ്) നടത്തിയതിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്യാതിരു ന്നതുമൂലം അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ | കരാറുകാരൻ | എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ നടത്തിയഅളവ്/അളവു പുസ്തകം | അനുവദനീയമായ അളവ്/ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | 125/21, വാർഡ് 15ലെ തീരദേശ റോഡ് കോൺക്രീറ്റിംഗ് | ഷൈജു.എസ് | 36.068$m^3$ @1083.84/$m^3$ =39091/- 194/19-20 | 32.461$m^3$ @ 1083.84/$m^3$ =35183/- | 3908/- | ബിൽ നം 9/28.5.20, 740338/- |
| | | | 12% GST | | 469 | |
| | | | ആകെ | | 4377/- | |
| 2 | 132/21വാർഡ് 8ൽ വിവിധ റോഡ് കോൺക്രീറ്റിംഗ് (വേലുമുട്ടം റോഡ്) | മുഹമ്മദ് ഹസ്സൻ | 16.533$m^3$ @1080/$m^3$ =17856/- 411/20-21 | 14.88$m^3$ @ 1080/$m^3$ =16070/- | 1786/- | ബിൽ നം 22/21.1.21, 441382/ 51/31.3.21, 51941/- |

| | | | | | | |
|---|---|---|---|---|---|---|
| | | | 12% GST | | 214/- | |
| | | | ആകെ | | 2000/- | |
| 3 | 50/21 വാർഡ് 8ൽ വിവിധ റോഡ് കോൺക്രീറ്റിംഗ് | സുനിൽ.എം | $27.042m^3$@$1012.19/m^3$ =27371/- 421/21 | $24.34m^3$ @$1012.19/m^3$ =24637 | 2734/- | 38/19.3.21 481777/- |
| | | | 12% GST | | 328 | |
| | | | ആകെ | | 3062/- | |
| 4 | 65/21 വാർഡ് 16ൽ വിവിധ റോഡ് കോൺക്രീറ്റിംഗ് | ഷിജാർ.എം | $5.58m^3$ @$1083/m^3$= 6043/- | $5.02m^3$ @$1083/m^3$ = 5437/- | 606 | 25/1.2.21 683696 |
| | | | 12% GST | | 73 | |
| | | | ആകെ | | 679 | |

മേൽ സൂചിപ്പിച്ചതിൽ ക്രമ നമ്പർ 2ൽപ്പെട്ട കുറവൻതോട് പി.ഡബ്ല്യൂ.ഡി റോഡിൽ ഒന്നാമിനമായി എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ യൂസിംഗ് മെറ്റീരിയൽ ഒബ്റ്റെയ്ൻഡ് ഫ്രെം ബോറോപിറ്റ്സ് $9.525m^3$ ചെയ്തതിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്ത് $8.5725m^3$നാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (11/17.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചവിധം അധികം നൽകിയ 10118/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 വാർഡ് 2-ൽ ജ്യോതി നികേതൻ സ്കൂളിന് തെക്ക് വശം മുതൽ തെക്കോട്ട് നാലുപുരയ്ക്കൽ ക്ഷേത്രം വരെ റോഡും ഡ്രെയിനേജ് നിർമ്മാണവും

പ്രോജക്ട് നമ്പർ-10/21

കരാറുകാരൻ- വി.എസ്.സാബു

അടങ്കൽ 516411/-, ആകെ മൂല്യം- 473202/- ബിൽ നമ്പർ 44.27.3.21

ഫയൽ പരിശോധിച്ചതിൽ 45മീറ്റർ നീളത്തിൽ 0.90മീറ്റർ വീതിയിൽ ഡ്രെയിനേജ് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ അളവ് പുസ്തകം 432/21 പുറം 1പ്രകാരം താഴെ പറയുന്ന അളവിൽ എസ്കവേഷനും പി.സി.സിയും ചെയ്തിട്ടുണ്ട്.

എസ്കവേഷൻ-44.70x0.80 (0.70+0.40/2) = $19.668m^3$

| ഇനം | അളവ് |
|---|---|
| പി.സി.സി | 30x0.80x0.10 = 2.40 |
| | 14.70x0.80x0.10= 1.176 |
| ആകെ | $3.576m^3$ |

ഇതിൽ നിന്നും 44.70മീറ്റർ നീളത്തിൽ മാത്രമാണ് കാന നിർമ്മിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നു. എന്നാൽ അഞ്ചാമിനമായി കവറിംഗ് സ്ലാബ് വിവിധ അളവുകളിലായി 48.16മീറ്റർ നീളത്തിൽ ചുവടെ ചേർക്കുംവിധം ചെയ്തിട്ടുള്ളതായി കാണുന്നു.

48.16x0.80x0.15 = $5.7792m^3$ ഇതോടൊപ്പം $0.036m^3$ സ്ലാബ് നിർമ്മിച്ചതുൾപ്പെടെ $5.816m^3$ന് $8896.25/m^3$ നിരക്കിൽ 51740.59രൂപ അനുവദിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ചവിധം കാന നിർമ്മിച്ചതിനേക്കാൾ കൂടുതൽ നീളത്തിൽ കവറിംഗ് സ്ലാബ് നിർമ്മിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/17.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചവിധം കവറിംഗ് സ്ലാബ് ചെയ്യാവുന്ന നീളം 44.7x0.80x0.15 = $5.364m^3$ + $0.036m^3$ (സ്ലൂട്ട്), ആകെ $5.4m^3$ മാത്രമാണ്. ഇത് പ്രകാരം അനുവദനീയമായ തുക 48040/- അനുവദിച്ചതുക 51741/-, അധികം 3701+444 (12% ജി.എസ്.ടി), ആകെ അധികം നൽകിയ 4145/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-6 സ്കൂളുകൾക്ക് പെയിന്റിംഗ്

പ്രോജക്ട് നമ്പർ-123/21 (111/20)

കരാറുകാരൻ- അനിൽകുമാർ.വൈ, സാകി കൺസൾട്ടൻസ്, കോൺട്രാക്ടേഴ്സ് & ട്രേഡിംഗ്

അടങ്കൽ 600000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്, ആകെ മൂല്യം- 592134/- ബിൽ നമ്പർ 30/1.2.21, 21/21.1.21

ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 211/19-20ലെ രേഖപ്പെടുത്തലനുസരിച്ച്പ്രവൃത്തിയുടെ ആകെ മൂല്യം 528691/-രൂപയും 12% ജി.എസ്.ടിയുൾപ്പെടെ ആകെമൂല്യം 592134/-രൂപയുമാണ്. ഫൈനൽ ബില്ലിൽ നിന്നും ആദായനികുതി 1% (5287) മാത്രമാണ് ശ്രോതസ്സിൽ കുറവ് ചെയ്തിട്ടുള്ളത്. ഇൻകം ടാക്സ് സെക്ഷൻ 194Cപ്രകാരം വ്യക്തികളല്ലാത്ത കരാർസ്ഥാപനങ്ങളിൽ നിന്നും 2% നിരക്കിൽ വരുമാന നികുതി ശ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. 14.5.2020 മുതൽ 31.3.21വരെ നിലവിലുണ്ടായിരുന്ന ടി.ഡി.എസ് നിരക്കായ 1.5%,(7930) തുക ശ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതായിരുന്നു. മേൽ പ്രവൃത്തിക്ക് അനിൽകുമാർ.വൈ, സാകി കൺസൾട്ടൻസ്, കോൺട്രാക്ടേഴ്സ് & ട്രേഡിംഗ്

എന്ന പേരിലാണ് മുദ്രപത്രം വാങ്ങിയിട്ടുള്ളതും കരാറിലേർപ്പെട്ടിട്ടുള്ളതും. ആയതിനാൽ മേൽ സൂചിപ്പിച്ചവിധം ആദായ നികുതി ഈടാക്കിയതിൽ കുറവ് വന്ന 2643/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/18.5.22) മറുപടി ലഭ്യമാക്കിയില്ല.

## 3-7 അംഗനവാടി പുനരുദ്ധാരണം- വാർഡ് 15

പ്രോജക്ട് നമ്പർ-27/21

കരാറുകാരൻ- വി.എസ്.സാബു,

ആകെ മൂല്യം- 375722/- ബിൽ നമ്പർ 37/19.3.21

അടങ്കൽ 500000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

ഫയൽ പരിശോധിച്ചതിൽ ജി.എസ്.ടിയില്ലാതെ എസ്റ്റിമേറ്റ് തുക 446094/-രൂപയും കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ള തുക 391415/- രൂപയുമാണ്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 15-ാം ഇനമായി സ്പെസിഫിക്കേഷൻ കോഡ് 50.6.2.3 അനുസരിച്ചുള്ള സോളിഡ് ബ്ലോക്ക് മേസണറി വിത്ത് പ്രീകാസ്റ്റ് സോളിഡ് ബ്ലോക്ക് 30x20x15 (Above Floor Two Level Upto Floor Five Level) എന്നയിനമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 6813.83/$m^3$ ആണ്. എന്നാൽ ഇതിൽനിന്നും 0.3% കുറച്ച് 6793.39/$m^3$ എന്ന നിരക്കാണ് ഈയിനത്തിന് കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ളത്. അളവ് പുസ്തകം 500/21 പുറം 6പ്രകാരം ഒരുനിലമാത്രമുള്ള അംഗനവാടിയുടെ പാരപ്പെറ്റ്, കോമ്പൗണ്ട് വാൾ ഗേറ്റ് പില്ലർ എന്നിവ സോളിഡ് ബ്ലോക്കുപയോഗിച്ച് ചെയ്തതിന്റെ അളവ് ചുവടെ ചേർക്കുന്നു.

| സോളിഡ് ബ്ലോക്ക് മേസണറി | അളവ് |
|---|---|
| പാരപ്പെറ്റ് | 5.32x0.10x0.60 = 0.319 |
| | 2.26x0.10x0.60 = 0.136 |
| | 3.34x0.10x0.60 = 0.200 |
| | 2.65x0.10x0.60 = 0.159 |
| പില്ലർ | 7x0.10x0.3x0.60 =0.126 |
| | 1x0.60x0.1x0.4 =0.024 |
| മാൻഹോൾ | 2x0.45x0.1x0.6 =0.054 |
| | 1x0.5x0.1x0.6 = 0.03 |
| ആകെ | 1.048m3 |
| കോമ്പൗണ്ട് വാൾ | 1x10x0.15x1.50 =2.25 |
| പില്ലർ | 2x0.3x0.15x1.50 =0.135 |
| ഗേറ്റ് പില്ലർ | 2x0.3x0.15x1.80 =0.162 |
| ഡിഡക്ഷൻ ഗേറ്റ് | -1x2.1x0.15x1.50 =-0.473 |
| | 1x1.35x0.15x1.5 =0.304 |
| | 1x0.8x0.15x1.5 =0.180 |
| | 1x4.45x0.15x1.5 = 1.001 |
| പില്ലർ വെസ്റ്റ് | 1x2x0.3x0.15x1.5 = 0.135 |
| എക്സ്ട്രാ ഹൈറ്റ് | 1x5.75x0.2x0.1 = 0.115, ആകെ 4.775 |
| ആകെ | 5.782m3 |

മേൽ സൂചിപ്പിച്ചയിനത്തിന് സ്പെസിഫിക്കേഷൻ 50.6.2.2പ്രകരാം സോളിഡ് ബ്ലോക്ക് മേസണറി വിത്ത് പ്രീകാസ്റ്റ് സോളിഡ് ബ്ലോക്ക് 30x20x15 (Upto Floor Two Level) അനുവദനീയമായ നിരക്ക് 6095.56/m3 ആണ്. ഇതിൻനിന്നും കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ള വിധം ആനുപാതികമായ കുറവ് (0.3%) വരുത്തിയാൽ ഈയിനത്തിന് അനുവദിക്കാവുന്ന നിരക്ക് 6077.27/$m^3$ ആണ്. എന്നാൽ ഇതിന് വിരുദ്ധമായി ഉയർന്ന നിരക്ക് നൽകിയിട്ടുള്ളത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/18.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചവിധം ഈയിനത്തിന് അനുവദിക്കാവുന്ന തുക ചുവടെ ചേർക്കുന്നു.

| അനുവദിച്ച നിരക്ക് | തുക | അനുവദനീയമായ നിരക്ക് | തുക | അധികം |
|---|---|---|---|---|
| 5.782m3x6793.39/$m^3$ | 39279/- | 5.782m3x 6077.27/$m^3$ | 35139/- | 4140+497 (12%ജി.എസ്.ടി) |

| | | | | |
|---|---|---|---|---|
| | | | | = 4637 |

മേൽ സൂചിപ്പിച്ചവിധം ആകെ അധികം നൽകിയ 4637/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-8 തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

2020-21ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അതേ വിസ്തൃതിയിൽ തന്നെ പ്രവർത്തി ചെയ്തതായി രേഖപ്പെടുത്തി അധികം തുക ചെലവഴിച്ചതായി കാണുന്നു.

കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) തന്നെ ഒരു ച.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തി യിട്ടുള്ളത് 1.05ച.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം വ്യത്യസ്ത വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ച.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.നം.80.8.63ൽ, ച.മീറ്ററിന് 71.586 രൂപ നിരക്കിൽ നല്കിയതിന്റെവിശദാംശം ചുവടെ ചേർക്കുന്നു.

1. വാർഡ് 6-ൽ പുതുവൽ പാലം മുതൽ ആനക്കണ്ടം വരെ തോടിന് ആഴം കൂട്ടി കയർഭൂവസ്ത്രം വിരിക്കൽ-

വർക്ക് കോഡ്- A/FP/363809

M-book No.- 362/19-20

FTO- No.-1)189105/24-07-20, 432375/-

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/1390, 3.7.20 | 1200$m^2$ |
| | ഇൻവോയ്സ് -CC/IG /459,30.6.19 | 600$m^2$ |
| കയർഭൂവസ്ത്രം വാങ്ങിയതായി അളവുപുസ്തകം പേജ് 12 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | | 1800$m^2$ |
| പേജ് 12ൽ കയർഭൂവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും. | | 1800$m^2$, 128854/-രൂപ (1800 X 71.586/$m^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | | 1714$m^2$ (1800/1.05) X 71.586/$m^2$ = 122698/- രൂപ |
| അധികം നൽകിയത്. | | 128854 - 122698 = 6156/-രൂപ |

2. വാർഡ് 6-ൽ ഏഴരയിൽ മുതൽ കുറുത്തമഠം വരെ തോടിന് ആഴം കൂട്ടി കയർഭൂവസ്ത്രം വിരിക്കൽ-

വർക്ക് കോഡ്- 361680

M-book No.- 362/19-20

FTO- No.-865521/8-3-21, 348715/-

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/475, 15.6.19 | 300$m^2$ |
| | ഇൻവോയ്സ് -CC/IG /476,15.6.19 | 200$m^2$ |
| | ഇൻവോയ്സ് -CC/IG/1091, 26.6.20 | 100$m^2$ |
| | ഇൻവോയ്സ് -CC/IG/488 ,15.6.19 | 200$m^2$ |
| | | |

| | |
|---|---|
| പേജ് 16ൽ ഉപയോഗിച്ച കയർഭ്രവസ്തത്തിന്റെ അളവ് | 800m$^2$ |
| | |
| പേജ് 17ൽ കയർഭ്രവസ്തം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | 800m$^2$, 57269/-രൂപ (800 X 71.586/m$^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | 762m$^2$ (800/1.05) X 71.586/m$^2$ = 54549/- രൂപ |
| അധികം നൽകിയത്. | 57269 - 54549= 2720/-രൂപ |

3. 4 -ാംവാർഡിൽ സുനിലിന്റെ വീട് മുതൽ നന്ദികാട് ചന്ദ്രികയുടെ വീട് വരെ തോടിന് ആഴം കൂട്ടി കയർഭ്രവസ്തം വിരിക്കൽ-

വർക്ക് കോഡ്- 361742

M-book No.- 363/19-20

FTO- No.-1)175727/17-07-20, 326565/-

| | |
|---|---|
| കയർഭ്രവസ്തം വാങ്ങി സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകം പേജ് 3 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | 1500m$^2$ |
| പേജ് 5ൽ കയർഭ്രവസ്തം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | 1500m$^2$, 107379/-രൂപ (1500 X 71.586/m$^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | 1429m$^2$ (1500/1.05) X 71.586/m$^2$ = 102296/- രൂപ |
| അധികം നൽകിയത്. | 107379 - 102296 = 5083/-രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/18.5.22) ലഭ്യമാക്കിയ മറുപടിയിൽ കയർഭ്രവസ്തം വിരിക്കേണ്ട വീതിക്കനുസരിച്ച് കട്ട് ചെയ്ത് ഒരു പീസ് മുളയാണിയടിച്ച് ഉറപ്പിച്ചശേഷം അടുത്ത പീസ് ഇതിന് പുറമേ ഓവർലാപ് ചെയ്ത് വരത്തക്ക വിധംവെച്ച് ഉറപ്പിക്കുന്ന തിനാൽ കയർ ഭ്രവസ്തത്തിന്റെ മുഴുവൻ നീളത്തിലും വിരിക്കുന്നതിനാവശ്യമായ തൊഴിൽ ദിനങ്ങൾ വേണ്ടിവരുമെന്നതാണ്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കാരണം കയർ ഭ്രവസ്തം ആവശ്യമായ അളവിൽ കട്ട് ചെയ്ത് ഓവർലാപ് ചെയ്ത് വിരിച്ച് മുളയാണിയടിച്ചുറപ്പിക്കുന്നതിനുള്ള മനുഷ്യദിനങ്ങൾ (മെറ്റീരിയലുൾപ്പെടെ) കണക്കാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും നിരക്ക് നിർണ്ണയിച്ചിട്ടുള്ളതും. ആയതിനാൽ മേൽ പ്രവൃത്തിയിൽ ആകെ അധികം ചെലവഴിച്ച 13959/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-9 ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ | അനർഹമായ കാലയളവ്/ | തുക |
|---|---|---|---|---|---|
| 1 | മഹിളാമണി, ദൈവപുരയ്ക്കൽ | വിധവ പെൻഷൻ 104490600463 | 03.9.2020 | 10/2020 മുതൽ 4/2022-വരെയുള്ള 29500/- രൂപ ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ച | 29500/- |
| 2 | ഭാസ്കരൻ ആശാരി, പുത്തൻവെളി | വാർദ്ധക്യകാല പെൻഷൻ 104490200100 | 27.7.2020 | 8/2020 മുതൽ 4/2022 വരെയുള്ള 32800/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ച | 32800/- |

| | | | | | |
|---|---|---|---|---|---|
| 3 | മത്തായി,ചെന്നയ്ക്കൽ | ” 104490201306 | 6.8.2020 | 9/2020 മുതൽ 11/2020 വരെ 1800/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 12/2020മുതൽ 4/22022വരെയുള്ള 10200/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടില്ല | 12000/- |
| 4 | ത്രേസ്യാമ്മ പീറ്റർ പുത്തൻപുരയ്ക്കൽ | വിധവ പെൻഷൻ 104490600259 | 26.8.2020 | മസ്റ്ററിംഗ് നടത്താത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു | - |
| 5 | കെ.സി.ദാസ് , പതിനഞ്ചിൽ ചിറ | കർഷകത്തൊഴിലാളി പെൻഷൻ 104490100705 | 29.3.2020 | 4/2020 മുതൽ 4/2022 വരെ-36100/ രൂപ-ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 36100/- |
| 6 | രമേഷ് ബാബു ചാവടിത്തറ | വാർദ്ധക്യകാല പെൻഷൻ 104490202240 | 10.6.2020 | 7/2020 മുതൽ 4/2021 വരെ 14300/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു,5/2021 മുതൽ 4/2022 വരെയുള്ള 19200/-അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടില്ല | 33500/- |
| 7 | വനജാക്ഷി.കുന്നേൽ | കർഷകത്തൊഴിലാളി പെൻഷൻ 104490100638 | 22.6.2020 | 7/2020 മുതൽ 4/2022 വരെ 33500/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു | 33500/- |
| 8 | അബ്ദുൾ സമദ് തുരുത്തിയിൽ (മഠത്തിൽപറമ്പിൽ (ആധാർ നം-255602931182) | ” 104490202086 | 2.3.2020 | 4/2020 മുതൽ 2/2022 വരെ 31500/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു 3/2022 മുതൽ 4/2022 വരെയുള്ള 3200/-നിക്ഷേപിച്ചിട്ടില്ല. | 34700/- |
| ആകെ | | | | | 2,12,100/- |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുക കേരളബാങ്കിലെ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതുമാണ്.

II) പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിലെ ഡെത്ത് റിപ്പോർട്ട് പരിശോധിച്ചതിൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സേവനഡാറ്റാ ബെയ്സിൽ നിന്നും ഒഴിവാക്കുന്നതിൽ വളരെയധികം കാലതാമസം ഉള്ളതായി കാണുന്നു. ഇതുമൂലം അനർഹമായ കാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൌണ്ട് വഴി പെൻഷൻലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് അതാത് ബാങ്കുകളിലേക്കും, ഡയറക്ട് ടു ഹോം പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ സർവ്വീസ് സഹകരണബാങ്കുകളിലെ അക്കൌണ്ടുകളിലേക്കും നൽകിക്കൊണ്ടിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു

1) ബാങ്ക് അക്കൌണ്ട് വഴി പെൻഷൻ ലഭിച്ചവർ

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ തുക |
|---|---|---|---|---|
| 1 | സോമരാജൻ, കൊറ്റക്കാട് | വാർദ്ധക്യകാല പെൻഷൻ 104490202129 | 29.3.2020/ 18.10.2021 | 29000/- അക്കൌണ്ടിൽ നിക്ഷേപിച്ചു |

ബാങ്ക് അക്കൌണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ അനന്തരാവകാശികൾ പിൻവലിച്ചിരിക്കുവാൻ സാധ്യതയുള്ളതിനാൽ ടി തുക 241100/- (212100+29000)തിരികെ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് ഒടുക്കുന്നതുവരെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 20-21 | 450000 | സ്കോളർഷിപ്പ് | 450000 | 00 |
| | 20-21 | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 00 |
| | 20-21 | 2533380 | ലൈഫ് ഭവന പദ്ധതി | 2533380 | 00 |
| | 20-21 | 1000000 | ആർദ്രം പദ്ധതി പി.എച്ച്.സി നവീകരണം | 00 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 1000000 | ലൈഫ് ഭവന പദ്ധതി | 1000000 | 00 |
| | 20-21 | 139297 | അനുപൂരക പോഷകാഹാര പദ്ധതി | 139297 | 00 |
| | | 41626 | പാലിന് സബ്സിഡി | 41626 | 00 |
| | | 200000 | സ്കോളർഷിപ്പ് | 200000 | |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ബാലൻസ് ഷീറ്റ് പ്രകാരം ചെലവഴിക്കുവാൻ ബാക്കി നിൽക്കുന്ന 215745/-രൂപയും ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കുവാൻ ബാക്കി നിൽക്കുന്ന 1087673/- രൂപയും പ്രസ്തുത പദ്ധതികൾക്കായി ചെലവഴിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഈയിനത്തിൽ ചെലവൊന്നുമില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 870000 | 17331176 | 1536510 | 00 | 1,66,64,666 |

തിരിച്ചടവായി കാണിച്ചിട്ടുള്ള തുക ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ.

| ഓഡിറ്റ് | ഖണ്ഡിക | 2008-09 | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | സമാഹൃത റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-7 | 2008-09 | 3.5.6 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ | മറുപടി ലഭ്യമായിട്ടില്ല. |
| 2016-17 | 2-1 | 2017-18 | 1-3-2 | വസ്തു നികുതി നിർണ്ണയം. | മറുപടി ലഭ്യമായിട്ടില്ല. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83270795 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80996108 |
| വരവിനങ്ങളിലുള്ള നഷ്ടം | 5000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 94159 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1742761 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ചാർജ്ജ് ചെയ്യാവുന്നവ | നഷ്ടമായ തുക സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 5000 | | ബിജി.എസ്, സെക്രട്ടറി |
| 3-1-(1)<br>3-1-(II) | | 11988<br>7147 | സൽമ ബീവി,<br>ഡയറിഫാം ഇൻസ്കട്ടർ<br>സലില.എം,ഡയറിഫാം ഇൻസ്കട്ടർ |
| 3-2 | | 40000 | ദീപ.പി.ആർ<br>വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 3-3 | | 2165 | പ്രിയ.കെ.എസ്,<br>അസിസ്റ്റന്റ് എൻജിനീയർ |
| 3-4 | | 10118 | പ്രിയ.കെ.എസ്,<br>അസിസ്റ്റന്റ് എൻജിനീയർ |
| 3-5 | | 4145 | പ്രിയ.കെ.എസ്,<br>അസിസ്റ്റന്റ് എൻജിനീയർ |
| 3-7 | | 4637 | പ്രിയ.കെ.എസ്,<br>അസിസ്റ്റന്റ് എൻജിനീയർ |
| 3-8 | | 13959 | ലിത.എസ്.കുമാർ,<br>എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എൻജിനീയർ<br>സന്ധ്യ.ആർ,<br>ഓവർസീയർ,എൻ.ആർ.ഇ.ജി.എസ്<br>ബിനു.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 5000 | 94159 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-13 | 292761 | ശ്രീ.ജഗനാഥ്.ബി, കൃഷി ഓഫീസർ |
| 1-17 | 100000 | സുജ.വി, വി.ഇ.ഒ.അറവുകാട് സർക്കിൾ |
| 1-20 | 100000 | ശ്രീമതി. ബിജി.എസ്, സെക്രട്ടറി |
| 1-23 | 250000 | പി.രാജീവ്, വെറ്ററിനറി സർജൻ |
| 1-34 | 1000000 | പ്രിയ.കെ.എസ്,അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 1742761 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-35 - 2643/-

3-9 – 241100/-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജഗനാഥ്.ബി<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>പുന്നപ്ര തെക്ക് പഞ്ചായത്ത് | ജഗനാഥ്<br>ഡയറികോമ്പൗണ്ട്<br>പിച്ചുഅയ്യർ ജംഗ്ഷൻ<br>ആലപ്പുഴ |
| ദീപ.പി.ആർ,<br>വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | വേലിക്കകത്ത്<br>പറവൂർ.പി.ഓ |
| ശ്രീമതി.ബിജി.എസ്,സെക്രട്ടറി | സെക്രട്ടറി | ഐശ്വര്യ,<br>തിരുവമ്പാടി പി.ഒ,<br>ആലപ്പുഴ |
| സൽമ ബീവി.<br>ഡയറിഫാം ഇൻസ്ട്രക്ടർ | വിരമിച്ചു | മക്കാരു പറമ്പ്,<br>നീർക്കുന്നം, വണ്ടാനം |
| സലില.എം,ഡയറിഫാം ഇൻസ്ട്രക്ടർ | ഡയറിഫാം ഇൻസ്ട്രക്ടർ | ബിസ്മി മൻസിൽ,<br>എം.എസ് വാർഡ്<br>ആലപ്പുഴ |
| പ്രിയ.കെ.എസ്,<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ | കുരിശ്ശുപറമ്പിൽ,ബീച്ച് വാർഡ്, ബസാർ പി.ഒ |
| ലിത.എസ്.കുമാർ,<br>എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എൻജിനീയർ | എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എൻജിനീയർ | അക്ഷയമന്ദിരം<br>പഴവീട്.പി.ഒ,<br>ആലപ്പുഴ |
| സന്ധ്യ.ആർ,<br>ഓവർസീയർ,എൻ.ആർ.ഇ.ജി.എസ് | ഓവർസീയർ,എൻ.ആർ.ഇ.ജി.എസ് | സിന്ധുഭവനം<br>പുന്നപ്ര പി.ഒ |
| ബിനു.ആർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | കണിയാമ്പറമ്പിൽ<br>വണ്ടാനം |
| പി.രാജീവ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | ശ്രീരാഗം,<br>പൂന്തോപ്പ് വാർഡ്<br>അവലൂക്കുന്ന് |
| സുജ.വി, വി.ഇ.ഒ.അറവുകാട് സർക്കിൾ | വി.ഇ.ഒ | പത്മാലയം, നോർത്ത് ആര്യാട് പി.ഓ<br>മണ്ണഞ്ചേരി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|

| | |
|---|---|
| 2002-03 | എൽ.എഫ്.ജി.എ5-1832/2011/20.1.12<br>(ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2003-04 | |
| 2004-05 | |
| 2005-06 | എൽ.എഫ്.ജി.എ5-1832/2011/20.1.12 |
| 2006-07 | എൽ.എഫ്.എ.പി.9/109/2008/18.11.08 |
| 2007-08 | എൽ.എഫ്.എ.പി.8/1760/2011/14.7.12 |
| 2008-09 | എൽ.എഫ്.എ.പി.8/1760/2011/14.7.12 |
| 2009-10 | എൽ.എഫ്.എ.പി.8/1758/2011/8.8.12 |
| 2010-11, 11-12 | എൽ.എഫ്.എ.പി.8/251/2013/26.16.13 |
| 2012-13 | എൽ.എഫ്.എ.പി.8/318/2015/4.8.15 |
| 2013-14,<br>14-15 | കെ.എസ്.എ.എ.എൽ.പി-പി8/61/16/20.1.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി8/38/17/20.1.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി8/748/2017/19.06.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി8/1557/2018/05.11.2018 |
| 2018-19 | കെ.എസ്.എ.എ.എൽ.പി-പി8/288/2020/29.05.2020 |
| 2019-20 | കെ.എസ്.എ.എ.എൽ.പി-പി8/356/2022/27.03.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്